കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.5/199/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.5/199/2026 തീയ്യതി: 20/02/2026

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	17-01-2026	24-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-01-2026	24-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പത്മകുമാർ എസ്.എൽ.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സെലിൻ ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ. രാജു എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത് സി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ചെറുപുഷ്പം	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി അമിത സി.ഒ.,	സെക്രട്ടറി	01-04-2024	06-09-2024
ശ്രീ. പ്രമോദ് കെ.ജെ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-09-2024	10-09-2024
ശ്രീ. സിജു പി.	സെക്രട്ടറി	11-09-2024	04-01-2025
ശ്രീ. ബി.കെ. കൃഷ്ണകുമാർ	സെക്രട്ടറി	06-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി നിഷ വത്സലൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	25-02-2025
ശ്രീമതി പ്രിനിത വി.കെ.	ഡയറി ഫാം ഇൻസ്ട്രക്ടർ	25-02-2025	31-03-2025
ഡോ. ബെൻസി ലാൽ	മെഡിക്കൽ ഓഫീസർ, അലോപ്പതി	01-04-2024	31-03-2025
ഡോ. ധന്യ ചന്ദ്രൻ ജെ.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീ. ശ്രീകുമാർ ബി.എസ്.	വി.ഇ.ഒ. (എ - സർക്കിൾ)	01-04-2024	31-03-2025
ശ്രീമതി ലക്ഷ്മി എ.എസ്.	വി.ഇ.ഒ. (ബി - സർക്കിൾ)	01-04-2024	31-03-2025
ശ്രീമതി വിജയലക്ഷ്മി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	09-08-2024
ശ്രീമതി പ്രിം സോജ ദാസ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	12-08-2024	31-03-2025
ശ്രീമതി രമ്യ എം.	അസി.എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി പ്രേമലത എസ്.ആർ.	ഹെഡ്മിസ്ട്രസ്, ഗവ. എൽ..പി.എസ്, ഒറ്റശേഖരമംഗലം	01-04-2024	31-03-2025
ശ്രീമതി മിനി കെ. നായർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ. പ്രമോദ് കെ.ജെ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി അമിത സി.ഒ.,	സെക്രട്ടറി	01-04-2024	06-09-2024
ശ്രീ. പ്രമോദ് കെ.ജെ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-09-2024	10-09-2024

ശ്രീ. സിജു പി.	സെക്രട്ടറി	11-09-2024	04-01-2025
ശ്രീ. ബി.കെ. കൃഷ്ണകുമാർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-01-2025	31-03-2025
ശ്രീ. കിരൺ കെ.ജി.	കൃഷി ഓഫീസർ	01-04-2024	03-12-2024
ശ്രീമതി ഷിൻസി എൻ.ഐ.	കൃഷി ഓഫീസർ	03-12-2024	10-12-2024
ശ്രീമതി രമ്യ എസ്.	കൃഷി ഓഫീസർ	10-12-2024	31-03-2025
ഡോ. വന്ദന സി.ജി.	വെറ്ററിനറി സർജൻ	01-04-2024	22-07-2024
ഡോ. വിഷ്ണു	വെറ്ററിനറി സർജൻ	23-07-2024	30-08-2024
ഡോ. നയന ദേവരാജൻ	വെറ്ററിനറി സർജൻ	31-08-2024	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ - പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-2
4	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-3
5	പ്രയർ പിരീഡ് ഇനങ്ങളുടെ വിശദാശം ലഭ്യമാക്കിയില്ല	1-1-4
6	രജിസ്റ്ററുകളും അതത് ലഡ്ജർ ബാലൻസുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-5
7	ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 1,981/- രൂപയുടെ നെഗറ്റീവ് ബാലൻസ് അവശേഷിക്കുന്നു	1-1-6
8	പദ്ധതി ചെലവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-1-7
9	ലൈഫ് ലോൺ തിരിച്ചടവ് തുക ക്യത്യത പുലർത്തുന്നില്ല	1-1-8
10	ആസ്തി-ലയബിലിറ്റി ഹെഡുകളിലെ തുക ക്രമീകരിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല	1-1-9
11	വാർഷിക ധനകാര്യ പത്രികയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	പൂർണ്ണമായ ബാങ്ക് സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-11
13	8,250/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ	1-4-1
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	ക്ഷേമപദ്ധതികൾ	1-6
20	ക്യാഷ് ബാലൻസ് പരിശോധന	1-7
21	ആഭ്യന്തര നിയന്ത്രണം	1-8
22	ഭരണ ചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-9-1
23	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
24	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
25	നികുതി - നികുതിയേതര വരുമാനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല	1-11
26	തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-12
27	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
28	ടൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-14
29	വളർത്തുനായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമല്ല	1-15

30	കെട്ടിടങ്ങളെ വസ്തുനികുതി നിന്നും ഒഴിവാക്കിയത് പുനപരിശോധിക്കേണ്ടതാണ്	1-16
31	ഹരിത കർമ്മസേന യൂസർഫീ വസ്തുനികുതിയോടെപ്പം ഈടാക്കുന്നില്ല.	1-17
32	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല	1-18
33	അനധികൃത കൊടി തോരണങ്ങൾ മാറ്റിയ ഇനത്തിൽ പിഴതുക ഈടാക്കിയിട്ടില്ല	1-19
34	ഭരണസമിതി തീരുമാനങ്ങൾ നിശ്ചിത സമയത്തിനകം അംഗീകാരം നേടി പ്രസിദ്ധീകരിച്ചിട്ടില്ല	1-20
35	വാഹനങ്ങളുടെ വിവരങ്ങൾ VEELS എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല	1-21
36	ഗ്രാമസഭകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾപ്രകാരം കൂടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്	1-22
37	ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-23
38	വൃദ്ധർക്ക് കട്ടിൽ - കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല. 3,300/- രൂപ തടസ്സപ്പെടുത്തുന്നു	1-24
39	പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല – തുക 17,397/- രൂപ തടസ്സപ്പെടുത്തുന്നു	1-25
40	പാഥേയം പദ്ധതി നടത്തിപ്പ് അപാകതകൾ	1-26
41	ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ നൽകിയ 37,116/- രൂപ നിരാകരിക്കുന്നു	1-27
42	ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല	1-28
43	സ്പിൽഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല	1-29
44	പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച ഫയലുകളും ചെലവ് രേഖകളും ലഭ്യമാക്കിയില്ല - 97,73,000/- രൂപ തടസ്സപ്പെടുത്തുന്നു	1-30
45	ജലജീവൻ മിഷൻ അവലോകനം	1-31
46	ഹെൽത്ത് ഗ്രാന്റ്	1-32
47	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന അവലോകനം	1-33
48	വീട് വാസയോഗ്യമാക്കൽ - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്	1-34
49	പെണ്ണിടം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-35
50	പോസ്റ്റ് മാറ്റി വയ്ക്കൽ വിനയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല 3,99,806/- രൂപ തടസ്സപ്പെടുത്തുന്നു	1-36
51	പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല	1-37
52	പൂഴനാട് മാർക്കറ്റ് മെയിന്റനൻസ് - പ്രവൃത്തി പൂർത്തിയാക്കാനായില്ല - മാർക്കറ്റ് ഉപയോഗ ശൂന്യം - 4,44,083/- രൂപ തടസ്സപ്പെടുത്തുന്നു	1-38
53	ടേക്ക് എ ബ്രേക്ക് - പദ്ധതി ഉപയോഗശൂന്യമായി തുടരുന്നു - ചെലവ് തുക 13,511/- രൂപ തടസ്സപ്പെടുത്തുന്നു	1-39

ഭാഗം 2

--- No Records Found ---

ഭാഗം 3

1	ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി ഇനത്തിൽ നൽകിയ 37,116/- രൂപ നിരാകരിക്കുന്നു	3-1
ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1
2	സംയുക്ത പദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയത് വാർഷികധനകാര്യപത്രികയൊടൊപ്പം സമർപ്പിച്ചിട്ടില്ല. കൂടാതെ ചട്ടം 62 (E) പ്രകാരമുള്ള അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകളും സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് അക്കൌണ്ട് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാന അനുപാതങ്ങൾ ഏതൊക്കെയാണെന്നോ എപ്രകാരമാണവ ഉൾപ്പെടുത്തേണ്ടതെന്നോ പ്രതിപാദിച്ചിട്ടില്ലെന്ന് മറുപടി അറിയിച്ചു. കൂടാതെ അക്കൌണ്ടുകളിന്മേൽ പ്രത്യേക കുറിപ്പുകൾ ഇല്ലാതിരുന്നതിനാലാണ് വാർഷിക ധനകാര്യപത്രികയ്ക്കാപ്പം സമർപ്പിക്കാതിരുന്നതെന്നും അറിയിച്ചു.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-05-2025 ലെ 4(1)-ാം തീരുമാനം പ്രകാരം അംഗീകരിച്ച് 14-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.സി. &എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ 31.03.2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

1-1-2 ക്യാഷ് ഫ്ലോ - പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

Cash Flow Statement–ൽ "Net Cash Generated Grand Total" തുകയും (₹46,53,995/-) " Net Increase / (Decrease) In Cash And Cash Equivalents – തുകയുമായി (₹21,46,318/-) പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് ക്യാഷ്ഫ്ലോ സ്റ്റേറ്റ്മന്റ് അക്കൗണ്ട് സോഫ്റ്റ്വെയറിൽ ഓട്ടോമേറ്റിക്കായി ജനറേറ്റാകുന്നതാണെന്നും ആയതിന്റെ ആധികാരികത പരിശോധിച്ച് പൊരുത്തപ്പെടുത്തുന്നതിനായി ഐ.കെ.എം-ന് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി.

1-1-3 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാ- വസ്തുനികുതിയുടെ ഡിമാന്റ് സംബന്ധിച്ച് 31.3.2025 ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് വസ്തു നികുതിയിലെ ഡിമാന്റും കളക്ഷനും ബാലൻസും തമ്മിലുള്ള അനുപാതം ശരിയായി വരുന്നത് 31-03 ൽ മാത്രമാണെന്നും ടി സാമ്പത്തിക വർഷത്തിൽ നമ്പരിട്ട് കെട്ടിട നികുതി ചുമത്തപ്പെടുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങളും ഡിമാന്റും ശരിയായി കണക്കാക്കപ്പെടണമെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷത്തിലെ അവസാനം മാത്രമേ സാധിക്കുകയുള്ളൂ എന്നും ആയതിനാലാണ് 31-03-2025 ൽ എൻട്രി വരുത്തിയിട്ടുള്ളതെന്നും മറുപടി നൽകി.

1-1-4 പ്രയർ പിരീഡ് ഇനങ്ങളുടെ വിശദാശം ലഭ്യമാക്കിയില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റിൽ പ്രയർ പീരീഡ് ഇൻകം എന്ന ഇനത്തിൽ -2,858,969/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പ്രയർ പിരീഡ് എക്സ്പെൻസ് ആയി -18,819/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. തുകകളുടെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് പ്രോപ്പർട്ടി ടാക്സിന്റെ ഡിമാന്റ് സഞ്ചയ ഡിമാന്റുമായി പൊരുത്തപ്പെടുത്താൻ വേണ്ടിയാണ് പ്രയർ പിരീഡ് ഇൻകം / എക്സ്പെൻഡിച്ചർ ഇനങ്ങളിൽ പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മറുപടി നൽകി. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ (സഞ്ചയ ഡി.സി.ബി, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുബന്ധ രേഖകൾ) മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഭീമമായ തുക പ്രയർപിരീഡ് ഇനങ്ങളായി ക്രമീകരിച്ചിരിക്കുന്നത് സംബന്ധിച്ച കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-5 രജിസ്റ്ററുകളും അതത് ലഡ്ജർ ബാലൻസുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വരവിനങ്ങളുടെ ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ (തൊഴിൽ നികുതി, ലേലം തുടങ്ങിയവ) പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല (വരവിനങ്ങളുടെ രജിസ്റ്റർ കാലികമാക്കി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു എന്നാണ് മറുപടി നൽകിയത്). വരും വർഷങ്ങളിൽ രജിസ്റ്ററുകളും അതത് ലഡ്ജറുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-6 ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ 1,981/- രൂപയുടെ നെഗറ്റീവ് ബാലൻസ് അവശേഷിക്കുന്നു

431910201 Outdoor Collection Control Account ൽ 1,981/- രൂപയുടെ നെഗറ്റീവ് ബാലൻസ് അവശേഷിക്കുന്നു. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് സോഫ്റ്റ്വെയറിലെ തകരാർ കാരണമാണ് തുക ടി ഹെഡിൽ നിലനിൽക്കുന്നതെന്നും ആയത് ഒഴിവാക്കുന്നതിന് ഐ.കെ.എം. ന് കത്ത് നൽകി

തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-7 പദ്ധതി ചെലവുമായി ബന്ധപ്പെട്ട അപാകങ്ങൾ

1) ചുവടെ ചേർക്കുന്ന ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം കാണുന്നു.

ഫണ്ട്	വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് (₹) (I -6 + ക്യാപിറ്റൽ കോൺട്രിബ്യൂഷൻ)	എ.സി.ആർ പ്രകാരമുള്ള ചെലവ് (₹)	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (₹)
വികസന ഫണ്ട് (ടി.എസ്.പി.)	1,40,472/- + Loan 14,667/-	1,40,472	1,55,139
സി.എഫ്.സി ഫണ്ട്	5,412,397	55,15,572	52,70,947

ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് വികസന ഫണ്ട് (ടി.എസ്.പി.) യിലെ എല്ലാ ചെലവും സുലേഖയിൽ അപ്ഡേറ്റ് ആകാത്തത് കൊണ്ടാണ് ഇപ്രകാരം വ്യത്യാസം വരുന്നതെന്ന് മറുപടി നൽകി. എന്നാൽ സുലേഖ പത്രികയിൽ ചെലവ് കൂടുതലും വാർഷിക ധനകാര്യ പത്രികയിൽ ചെലവ് കുറവുമാണ്. ആയതിനാൽ ടി മറുപടി തൃപ്തികരമല്ല. കൂടാതെ സി.എഫ്.സി ഫണ്ടിലെ വ്യത്യാസം സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടുമില്ല. പൊരുത്തക്കേട് സംബന്ധിച്ച കൃത്യമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

2. Prepaid Programme Expense- എന്ന ഹെഡിൽ തൻവർഷം ലൈഫ് പദ്ധതി വഴി KURDFC ലോണിൽ നിന്നുള്ള ചെലവായി ചേർത്തിരിക്കുന്നത് 85,40,000/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 2024-25 വർഷത്തിൽ ലൈഫ് ലോൺ തുകയുടെ ചെലവ് 86,40,000/- രൂപയാണ്. 1,00,000/- രൂപയുടെ വ്യത്യാസം സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് എക്സ്പെൻഡിച്ചർ ഹെഡിൽ വന്ന പിശക് പരിഹരിച്ച് വരും സാമ്പത്തിക വർഷത്തിൽ പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി സ്വീകരിച്ച് ബന്ധപ്പെട്ട വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സുലേഖ ചെലവ് പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവ് 15,86,163/- രൂപയാണ്. ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം.	പദ്ധതി	തുക (₹)
1	258/25 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ	1,50,000
2	47/25 അനുപൂരക പോഷകാഹാര പദ്ധതി	6,17,602
3	225/25 പൂഴനാട് മാർക്കറ്റ് നവീകരണം	4,66,385
4	216/25 ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം	3,52,176
	ആകെ	15,86,163

ക്രമ നം. 2 പ്രകാരമുള്ള പദ്ധതിയുടെ ചെലവ് തുക 320100196 Integrated Child Development Scheme എന്ന ഹെഡിൽ നിന്നും റവന്യൂ ഹെഡിലേക്ക് മാറ്റിയാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് പദ്ധതി ചെലവുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രാന്റ് ഹെഡുകളുടെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻകയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. സുലേഖ ചെലവ് പത്രിക പ്രകാരം 9,38,733/- രൂപയാണ് തനത് ഫണ്ടിൽ നിന്നുള്ള ചെലവ്. പക്ഷേ ഇതേ ഫണ്ടിന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുക 10,15,941/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് തനത്ഫണ്ട് വഴി ചെയ്യുന്ന എല്ലാ പ്രോജക്ട് എക്സ്പെൻഡിച്ചറും തന്നാണ്ടിൽ രേഖപ്പെടുത്താത്തതിനാലാണ് ഈ വ്യത്യാസം വരുന്നതെന്നും സുലേഖ സോഫ്റ്റ്വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി എ.സി.ആർ പ്രകാരമുള്ള ചെലവ് അനുപാതത്തിനനുസൃതമാക്കുന്നതാണെന്നും മറുപടി നൽകി. തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

5. സുലേഖ ചെലവ് പത്രികയിൽ മറ്റുള്ളവ എന്ന വിഭാഗത്തിൽ 87,66,693/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ 1,02,439/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള ചെലവും 86,40,000/- രൂപ ലൈഫ് KURDFC ലോൺ തുകയിൽ നിന്നുള്ള ചെലവുമാണ്. അവശേഷിക്കുന്ന 24,254/- രൂപ പ്രോ. നം. 290, ബി.ആർ.സി യ്ക്ക് സ്മാർട്ട്ക്ലാസ്റൂം സജ്ജമാക്കൽ എന്ന പദ്ധതി വഴി ചെലവഴിച്ചിരിക്കുന്നു. പദ്ധതി നം. 290 പ്രകാരമുള്ള തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കാനും വാർഷിക ധനകാര്യ പത്രികയിൽ പദ്ധതിയുടെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്ന ലയബിലിറ്റി ഹെഡിന്റെയും റവന്യൂ ഹെഡിന്റെയും വിശദാംശം ലഭ്യമാക്കാനും ഓഡിറ്റ് എൻകൗയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നാണ് ടി പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടി നൽകിയെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട വരവും ചെലവും ഏതൊക്കെ ഹെഡുകളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കിയില്ല. പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-8 ലൈഫ് ലോൺ തിരിച്ചടവ് തുക കൃത്യത പുലർത്തുന്നില്ല

സുലേഖ ചെലവ് പത്രിക പ്രകാരം ലൈഫ് ലോൺ തുകയുടെ തിരിച്ചടവ് 63,66,260/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 63,51,593/- രൂപയാണ് തൻ വർഷത്തെ തിരിച്ചടവായി രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് ലോൺ തിരിച്ചടവിൽ സുലേഖ ചെലവ് പത്രികയുമായി വരുന്ന വ്യത്യാസം പൊരുത്തപ്പെടുത്തി വരും വർഷത്തിൽ പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി. ആയത് കൃത്യമായി പാലിക്കേണ്ടതാണ്.

1-1-9 ആസ്തി-ലയബിലിറ്റി ഹെഡുകളിലെ തുക ക്രമീകരിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല

1. 450210101 Nationalised Bank Account Of Own Revenue Fund എന്ന അസറ്റ് ഹെഡിൽ നിന്നും വൗച്ചർ നം. 1240000150 പ്രകാരം 7,75,085/- രൂപ 160100623 | Integrated Low Cost Sanitation എന്ന റവന്യൂ ഹെഡിലേക്ക് മാറ്റി തൻവർഷം ക്രമീകരിച്ചിരിക്കുന്നു. 160100623 | Integrated Low Cost Sanitation എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന 7,75,085/- രൂപയുടെ വിശദാംശം (വരവ്, ചെലവ് എന്നിവ) ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.
2. ചുവടെ ചേർക്കുന്ന ലയബിലിറ്റി ഹെഡുകളിൽ അവശേഷിച്ചിരുന്ന തുക തൻവർഷം ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമല്ല.

ഹെഡ്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്	ഓഡിറ്റ് നിരീക്ഷണം
320300103 Grants, Funds & Contributions For Specific Purposes - Other Government Agencies - Total Sanitation	3,00,440	0	3,00,440	0	ജേണൽ നം. 42401280 വഴി 3,00,440/- രൂപയുടെ ചെലവ് രേഖപ്പെടുത്തി യിരിക്കുന്നു. ചെലവിന്റെ നറേഷനിൽ Expenditure 2024-25 എന്ന് മാത്രം ചേർത്തിരിക്കുന്നു. ചെലവിന്റെ വിശദാംശം ലഭ്യമല്ല.
320100198 Grant From Suchitwa Mission	2,69,982	0	2,69,982	0	ജേണൽ നം. 42401277 വഴി 2,69,982/- രൂപയുടെ ചെലവ് രേഖപ്പെടുത്തി യിരിക്കുന്നു. ചെലവിന്റെ നറേഷനിൽ Expenditure 2024-25 എന്ന് മാത്രം ചേർത്തിരിക്കുന്നു. ചെലവിന്റെ വിശദാംശം ലഭ്യമല്ല.
320100196 Integrated Child Developement Scheme	12,93,781	22,37,203	9,49,358	25,81,626	9,49,358/- രൂപയാണ് 2024-25 സാമ്പത്തിക വർഷത്തിലെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 6,17,602/- രൂപ പദ്ധതി നം.

					47/25 അനുപൂരക പോഷകാഹാര പദ്ധതി വഴി ചെലവഴിച്ചതാണ്. അവശേഷിക്കുന്ന 3,31,756/- രൂപയുടെ ചെലവിന്റെ വിശദാംശം ലഭ്യമല്ല
320800101 Beneficiary Contributions	92,499	2,10,265	1,94,938	1,07,826	1,94,938/- രൂപ ജേണൽ നം. 42401290 വഴി 2024-25 വർഷത്തെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1,02,439/- രൂപയാണ് ഗുണഭോക്ത്യ വിഹിതം ഇനത്തിൽ 2024-25 വർഷത്തെ ചെവല്. അവശേഷിക്കുന്ന 92,499/- രൂപയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽ തുകകൾ ക്രമീകരിച്ചിരിക്കുന്നത് സംബന്ധിച്ച രേഖകൾ, ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകൃയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് ലയബിലിറ്റി ഹെഡിൽ നിന്നും ഒഴിവാക്കിയ തുകകൾ മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവായതും എന്നാൽ പ്രസ്തുത ഹെഡുകളിൽ നിന്നും ഒഴിവാക്കാത്തതാണെന്നും മറുപടി നൽകി. എന്നാൽ മറുപടിയുടെ ആധികാരികത ബോധ്യപ്പെടുത്തുന്ന യാതൊരുവിധ രേഖയും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
യാതൊരു വിധ രേഖയുടെ പിൻബലമോ ഭരണ സമിതിയുടെ അംഗീകാരമോ ഇല്ലാതെ ലയബിലിറ്റി ഹെഡുകളിലെ തുകകൾ ക്രമീകരിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ലയബിലിറ്റി ഹെഡുകളിലെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-10 വാർഷിക ധനകാര്യ പത്രികയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

1. MGNREGS പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ട വാർഷിക ധനകാര്യപത്രികയിലെ I-14 C ഷെഡ്യൂളിൽ തൻവർഷം തുകയൊന്നും ചേർത്തിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകൃയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് പി.എഫ്.എം.എസ് തുക ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് മറുപടി നൽകി.
2. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകൃയറി നമ്പർ - 19/21-1-2026 വഴി അന്വേഷിച്ചതിന് സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വരുന്ന സാമ്പത്തിക വർഷം മുതൽ B-14 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നൽകി
3. പദ്ധതി നം. 93/25 വഴി കെ.എസ്.ഇ.ബി ക്ക് 5,08,639/- രൂപ തൻവർഷം മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നിക്ഷേപ തുക ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകൃയറി നമ്പർ - 33/24-1-2026 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല
വാർഷിക ധനകാര്യ പത്രികയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്

1-1-11 പൂർണ്ണമായ ബാങ്ക് സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1. ILGMS സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബാങ്ക്	അക്കൗണ്ട് നം.
Indian Overseas Bank	115601000006683

District Treasury Kattakkada	702011400000015
Other Co-Operative Bank	450250101
Joint Venture	799011400002762

മേൽ ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് ടി അക്കൌണ്ടുകളിൽ ഇടപാടില്ലാത്തതുകൊണ്ടും അക്കൌണ്ട് ബാലൻസ് പൂജ്യം ആയതിനാലുമാണ് റിക്കൺസിലിയേഷൻ ചെയ്യാതിരുന്നത് എന്നു മാത്രം മറുപടി നൽകി. ബാങ്ക് സ്റ്റേറ്റ്മന്റുകൾ ലഭ്യമല്ലാത്തതിനാൽ ടി മറുപടിയുടെ കൃത്യത സംബന്ധിച്ച് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റ് B-17 പ്രകാരം Nationalised Bank Account Of Own Revenue Fund എന്ന അക്കൌണ്ടിൽ 2,699/- രൂപയുടെ നീക്കിയിരിപ്പ് അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് അക്കൌണ്ട് നമ്പർ ചേർത്തിട്ടില്ല. ടി അക്കൌണ്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് ടി അക്കൌണ്ട് സോഫ്റ്റ്വയറിൽ തെറ്റായി ജനറേറ്റായി വന്നതാണെന്നും ആയത് പരിഹരിക്കുന്നതിലേക്കായി ഐ.കെ.എം ന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്നും മറുപടി നൽകി. തുടർ നടപടി വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-12 8,250/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു

IOB (Own Fund) POOZHANAD (115601000005053) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ Cheque Deposited But Not Cleared എന്ന ഇനത്തിലായി വൌച്ചർ നം.1231001122/28-02-2024 പ്രകാരം 8,250/- രൂപ ചേർത്തിട്ടുണ്ട്. (ഇൻസ്ട്രുമെന്റ് നം. 125631608/22-02-2024). തുകയുടെ വിശദാംശം ലഭ്യമാക്കാനും ടി തുക നാളിതുവരെ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന്റെ കാരണം അറിയിക്കാനും ഓഡിറ്റ് എൻകയറി നമ്പർ - 19/21-1-2026 വഴി ആവശ്യപ്പെട്ടതിന് ടി തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസാക്കിയ തീയതി & കമ്മറ്റി തീരുമാനം.	13-2-2024 ലെ 1-1-൦൦ നമ്പർ തീരുമാനം	25-03-2025 ലെ 1-൦൦ നമ്പർ തീരുമാനം
മുന്നിരിപ്പ്	₹23,69,372	₹6,89,99,169
വരവ്	₹33,74,18,092	₹51,98,45,430
ആകെ	₹33,97,87,464	₹58,88,44,599
ചെലവ്	₹33,50,72,092	₹58,50,28,107
നീക്കിയിരിപ്പ്	₹47,15,372	₹38,16,492

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹2,22,97,944/-
വരവ്	₹4,12,37,521/-
ആകെ	₹6,35,35,465/-
ചെലവ്	₹3,90,91,203/-
നീക്കിയിരിപ്പ്	₹2,44,44,262/-

1-4-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകങ്ങൾ

1. ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ)	ചെലവ് (₹) (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	70,93,691	55,83,591	78.71
	പട്ടിക ജാതി	21,82,500	7,42,500	34.02
	പട്ടിക വർഗ്ഗം	-	-	-
സേവനം	പൊതുവിഭാഗം	23,66,31,903	2,63,01,746	11.11
	പട്ടിക ജാതി	1,00,20,588	47,45,899	47.36
	പട്ടിക വർഗ്ഗം	9,19,000	1,18,667	12.91
പശ്ചാത്തലം	പൊതുവിഭാഗം	3,77,91,592	3,17,02,900	83.88
	പട്ടിക ജാതി	15,28,327	10,57,281	69.17
	പട്ടിക വർഗ്ഗം	61,286	49,472	80.72
ആകെ		29,62,28,887	7,03,02,056	23.73

ആകെ ചെലവ് 24% മാത്രമാണ്. ചെലവ് ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കാൻ ഓഡിറ്റ് എൻകൗയറി നം.21/21-01-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. 2023-24 വർഷത്തെ ബാലസ്ഷീറ്റ് പ്രകാരം മുൻ വർഷത്തിൽ ചെലവഴിക്കാത്തതും തിരിച്ചടയ്ക്കാത്തതുമായ ചുവടെ ചേർക്കുന്ന ഫണ്ടുകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല.

ഹെഡ്	മുൻവർഷത്തെ നീക്കിയിരിപ്പ് തുക (₹)	തൻ വർഷത്തെ വരവ് (₹)	തൻ വർഷത്തെ നീക്കിയിരിപ്പ് (₹)
320100202 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	15,830	3,26,544	3,42,374
320100204 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And	18,762	5,32,730	5,51,492
320100197Literacy Scheme Grant	215	0	215
320300199Grants, Funds & Contributions For Specific Purposes - Other Government Agencies	15,75,940	0	15,75,940

മേൽ തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നം. 21/21-01-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ തുക വിനിയോഗിക്കുന്നതിനോ തിരിച്ചടയ്ക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

3. 2023-24 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്തത് കാരണം 20.2.2025 ലെ GO(Rt)No.1625/2025-ധന പ്രകാരം അനുവദിച്ച വികസനഫണ്ടിൽ നിന്നും 1,61,180/- രൂപ സ.ഉ.(കൈ)നം.179/2022/ധന ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 21/21.01.2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം കൃത്യമായും സമയബന്ധിതമായും പിരിച്ചെടുക്കുന്നതിന് വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

4. 2024-25 വർഷത്തെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 1,07,826/- രൂപയുടെ നീക്കിയിരിപ്പ് അവശേഷിക്കുന്നു. ടി തുക ഏതൊക്കെ പദ്ധതികൾ വഴി പിരിച്ചെടുത്തതാണെന്ന വിവരം അറിയിക്കാനും പ്രസ്തുത തുക നാളിതുവരെ വിനിയോഗിക്കാത്തതിന്റെ കാരണം അറിയിക്കാനും ഓഡിറ്റ് എൻകൗയറി നം. 21/21.01.2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻകൗയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസനഫണ്ട് (ജനറൽ)	0	96,98,970	1,59,56,675	-62,57,705
വികസനഫണ്ട് (എസ്.സി.പി)	0	53,83,657	61,23,180	-7,39,523
വികസനഫണ്ട് (ടി.എസ്.പി)	0	1,85,333	155139	30,194

ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	76,04,304	28,30,219	47,74,085
ധനകാര്യകമ്മീഷൻഗ്രാന്റ്(CFC-Untied)	0	27,64,242	24,40,728	3,23,514
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	2,88,04,000	2,88,04,000	0
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	1,01,86,000	83,97,130	17,88,870
കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്)	0	0	15,86,163	-15,86,163
സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്)	0	0	1,00,000	-1,00,000

*വികസന ഫണ്ട് ജനറൽ, എസ്.സി.പി എന്നിവയിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടാത്തതിനാൽ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

* അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത തുകകളും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തക്കേടുണ്ട്.

1-5 പദ്ധതി അവലോകനം

2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **സുലേഖ ചെലവ് പത്രിക പ്രകാരം**

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (₹) (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (₹) (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
സെക്രട്ടറി	53	32	21	1,50,36,137	1,04,59,537	69.56
അസിസ്റ്റന്റ് എഞ്ചിനീയർ	125	95	30	5,43,74,980	3,80,77,713	70.02
കൃഷി ഓഫീസർ	23	20	3	33,61,000	19,40,318	57.73
വി.ഇ.ഒ	31	21	10	20,97,86,900	46,58,064	22.20
വെറ്റിനറി സർജൻ	13	13	0	20,75,191	19,53,996	94.15
ഐസിഡിഎസ് സൂപ്പർവൈസർ	21	18	3	66,44,956	55,13,542	82.97
ഹെഡ്മാസ്റ്റർ	4	4	0	11,12,917	8,19,083	73.59
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	23	18	5	53,97,306	32,59,206	60.38
അസി.സെക്രട്ടറി	10	10	0	35,43,360	14,43,689	40.74
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	3	3	0	6,86,000	6,85,952	99.99
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	0	40,000	40,000	100
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	15,00,000	14,50,956	96.73
	346	274	72	30,35,58,747	7,03,02,056	23.15

ആകെ ചെലവനുപാതം 23.15% മാത്രമാണ്. ചെലവ് ശതമാനം കുറയാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നം. 22/21.01.2026 വഴി അന്വേഷിച്ചതിന്

മറുപടി ലഭ്യമാക്കിയില്ല.

2. **ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

ഫണ്ട്	വകയിരുത്തിയ തുക (₹)	ചെലവ് തുക (₹)
വികസനഫണ്ട് (ജനറൽ)	1,85,20,587	1,59,56,675
വികസനഫണ്ട് (എസ്.സി.പി.)	77,01,827	61,23,180
വികസനഫണ്ട് (ടി.എസ്.പി.)	1,84,286	1,55,139
ധനകാര്യ കമ്മിഷൻ അവാർഡ്	1,26,39,882	52,70,947
കേന്ദ്രാവിഷ്കൃത ഫണ്ട്	59,26,080	15,86,163
സംസ്ഥാനാവിഷ്കൃത ഫണ്ട്	5,73,00,000	1,00,000
തനത് ഫണ്ട്	33,06,251	9,38,733
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	4,89,11,000	21,30,511
മറ്റ് ജില്ലാ പഞ്ചായത്ത്	9,50,74,516	8,39,578
മെയിന്റനൻസ് റോഡ്	3,38,33,467	2,88,04,000
മെയിന്റനൻസ് നോൺ റോഡ്	1,19,75,991	83,97,130
ഹെൽത്ത് ഗ്രാന്റ്	8,55,000	0
മറ്റുള്ളവ	14,57,91,806	87,66,693
ആകെ	44,20,20,693	7,90,68,749

3. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ലെ ഖ. 3.1.1 പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തതിന്റെ നടപടിക്രമങ്ങൾ / വിശദാംശങ്ങൾ ഹാജരാക്കാനും ഓഡിറ്റ് എൻകയറി നം. 22/21.01.2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. പ്രസ്തുത വ്യവസ്ഥ പാലിച്ചതുമായി ബന്ധപ്പെട്ട രേഖകളും ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല. ആയതിനാൽ പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായി ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടില്ല.

1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	66,40,800	385
വിധവ പെൻഷൻ	1,56,31,500	1060
വാർദ്ധക്യകാല പെൻഷൻ	3,00,41,100	2319
വികലാംഗ പെൻഷൻ	47,10,900	302
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	90,000	3
50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,33,200	30

1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 23.01.2026 തീയതിയിൽ 12.15pm മണിക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 607/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിലെ എല്ലാ ജീവനക്കാർക്കും ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്ഥാപനത്തിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട രജിസ്റ്ററുകളെല്ലാം തന്നെ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമസഭ

2024-25 വർഷം രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. ഗ്രാമസഭ അംഗീകരിക്കുന്ന ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാൽ വിവിധ പദ്ധതികളിൽ ആനുകൂല്യം നൽകിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയിട്ടുള്ള ലിസ്റ്റിൽ നിന്നാണ്. ടി ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അംഗീകാരം നൽകുന്നതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായാണ് പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ കൂടാത്തത് കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്.

കെട്ടിട നികുതി

തൻവർഷം 80% കെട്ടിട നികുതിയാണ് പിരിച്ചെടുത്തിട്ടുള്ളത്. തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി മോണിറ്ററിംഗ്

തൻവർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളുടെയും നടത്തിപ്പ് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തുകയോ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഉദാ: അസി. സെക്രട്ടറി, CDS മുഖാന്തിരം നടപ്പിലാക്കിയ പാഥേയം പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് ആഹാരം ലഭിച്ചിട്ടുണ്ടെന്ന് അതാത് വാർഡിലെ ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിനായി തനത് വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതും, പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പദ്ധതികൾക്കും അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-9-1 ഭരണ ചെലവുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെട്ടുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് ചുവടെ ചേർക്കും വിധമാണ്.

മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
₹8,096/-	₹9,66,557/-	₹9,74,653/-	0

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് ചുവടെ ചേർക്കും വിധമാണ്.

ഹെഡ്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
320100128Mahatma Gandhi National Rural Employment Guarantee Scheme	₹1,01,028/-	₹8,82,660/-	₹9,83,688/-	0

ടി വ്യത്യാസം സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകൗയറി നമ്പർ - 33/24.01.2026 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊരുത്തക്കേട് പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)

ഭരണ ചെലവുകൾ	8,096	9,66,557	9,74,653	9,74,653	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	10,90,42,347	10,90,42,347	10,90,42,347	0
ആകെ	8,096	11,00,08,904	11,00,17,000	11,00,17,000	0

*MGNREGS പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ട I-14 C യിൽ തൻവർഷം തുകയൊന്നും ചേർത്തിട്ടില്ല. എ.ജി.എൻ.ആർ.ഇ.ജി.എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളും 256100116 | Administrative Expenses- Mahatma Gandhi NREGA/ AUEGS എന്ന ഹെഡിന്റെ ലഡ്ജർ പ്രകാരമുള്ള വിവരങ്ങളുമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	18.10.22	8/2021 -3/2022	ലഭിച്ചിട്ടില്ല
അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്	07.02.2019 മുതൽ 20.02.2019 വരെ	2013-14 മുതൽ 2017-18 വരെ	28.03.2019

1-11 നികുതി - നികുതിയേതര വരുമാനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ നികുതി-നികുതിയേതര വരുമാനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല. വിശദാശം ചുവടെ ചേർക്കുന്നു.

1. 2023-24 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്തത് കാരണം 20-2-2025 ലെ GO (Rt) No. 1625/2025 - ധന പ്രകാരം അനുവദിച്ച വികസനഫണ്ടിൽ നിന്നും 1,61,180/- രൂപ സ.ഉ.(കൈ)നം.179/2022/ധന ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകുയറി നം. 21/21-01-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല

2. ബാലൻസ്ഷീറ്റ് B-15 പ്രകാരം 2024-25 സാമ്പത്തിക വർഷം നികുതി, നികുതിയേതര വരുമാനമായി 11,63,606/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു

ഹെഡ്	തുക (₹)
431100101-Receivables For Property Tax On Residential Buildings (Current)	1,70,652/-
431100102-Receivables For Property Tax On Residential Buildings (Arrears)	2,86,559/-
431100103-Receivables For Property Tax On Non-Residential Buildings (Current)	65,173/-
431100104-Receivables For Property Tax On Non-Residential Buildings (Arrears)	2,95,985/-
431400102-Rent Receivables From Buildings (Arrears)	3,45,237/-
ആകെ	11,63,606/-

പ്രസ്തുത തുകയിൽ നാളിതുവരെ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ വകുപ്പ് 243 പ്രകാരം കുടിശ്ശികയായി തീരേണ്ട തീയതി മുതൽ 3 വർഷത്തിനുള്ളിൽ ഈടാക്കൽ നടപടികൾ സ്വീകരിക്കാത്ത കുടിശ്ശികകൾ കാലഹരണപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്തിൽ സ.ഉ.(കൈ)നം.117/2022/LSGD, തീ. 01-06-2022 പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇക്കാരണത്താൽ അരിയർ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന തുകയാണെന്നതിൽ വ്യക്തത ഇല്ല. (ഓഡിറ്റ് എൻകുയറി നം. 27/23-1-2026). കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല (ഓഡിറ്റ് എൻകുയറി നം. 27/23-1-2026)

4. സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള

ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല (ഓഡിറ്റ് എൻകെയറി നം. 27/23-1-2026).

5.വരവ് രജിസ്റ്ററുകളിൽ വർഷാന്ത്യത്തിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.(ഉദാ. ലേല രജിസ്റ്റർ. ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, വാടക രജിസ്റ്റർ തുടങ്ങിയവ) ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകെയറി നം. 27/23-1-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

6. വാടക രജിസ്റ്റർ പരിശോധിച്ചതിൽ പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ ആകെ 14 കടമുറികളിൽ 1 കടമുറിയിൽ നിന്നുമാത്രമാണ് (കടമുറി നം. 7) 2024-25 സാമ്പത്തിക വർഷത്തിൽ വരുമാനം ലഭിച്ചിട്ടുള്ളത് എന്നു കാണുന്നു. മറ്റ് കടമുറികളിൽ നിന്നും വാടക ഇനത്തിൽ വരുമാനം ലഭിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻകെയറി നം. 27/23-1-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ കടമുറികളുടെ എണ്ണവും നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളുടെ എണ്ണവും സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് ഇതേ ഓഡിറ്റ് എൻകെയറി മുഖേന ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന് വരുമാനം ലഭിച്ചിരുന്നതും നിലവിൽ പ്രവർത്തിക്കാത്തതുമായ ആസ്തികളെ സംബന്ധിക്കുന്ന പൂർണ്ണമായ വിവരം (കംഫർട്ട് സ്റ്റേഷനുകൾ, ഓഡിറ്റോറിയങ്ങൾ/കല്ല്യാണ മണ്ഡപങ്ങൾ/കമ്മ്യൂണിറ്റി ഹാളുകൾ, ക്രിമറ്റോറിയങ്ങൾ, ജിംനേഷ്യങ്ങൾ, ആമ്പുലൻസുകൾ, കാർഷിക യന്ത്രോപകരണങ്ങൾ, കടമുറികൾ മുതലായവ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ടി ആസ്തികളെ പ്രവർത്തനക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. ഗ്രാമപഞ്ചായത്തിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സുപ്പർവൈസർമാർ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണമായ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിയ്ക്കുകയോ ഇത്തരം ആൾക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം. 28/23-1-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കുകയും നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഈടാക്കി നികുതി ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	രജിസ്റ്ററിലെ പേജ് നം.
1	ഡിനോൺ ഓഡിറ്റോറിയം	4
2	ഇന്ത്യൻ ഓവർസീസ് ബാങ്ക്	4
3	മുത്തൂറ്റ് ഫിൻ കോർപ് ലിമിറ്റഡ്	14
4	സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യ	15
5	നെടുംകണ്ടത്തിൽ ഫിനാൻസ്	16
6	മമൽ ഫ്യുവൽസ്	17
7	ഒറ്റശേഖരമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്	19

8	കൈരളി ഓഡിറ്റോറിയം	19
9	ആർ.വി.ക്ലിനിക്കൽ ലബോറട്ടറി	20
10	ഡോ. ആർച്ചാസ് ഡെന്റൽ ക്ലിനിക്	20

നിയമ പ്രകാരമുള്ള നികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കാനും നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയത് തൊഴിൽ നികുതി രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം അറിയിക്കാനും ഓഡിറ്റ് എൻകയറി നം. 28/23-1-2026 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടില്ല എന്നു കാണുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ ലൈസൻസ് നിഷേധിച്ച ടി സ്ഥാപനങ്ങളുടെ പ്രവർത്തനം നിറുത്തി വയ്ക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻകയറി നം.32/24-1-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്/ അപേക്ഷകന്റെ പേര്
1	അമ്മാസ് ഹോട്ടൽ
2	ഡെന്റൽ ക്ലിനിക്, ആർച്ച പി സി
3	കൃഷ്ണ എം. ബി
4	സുബിന
5	അനിൽകുമാർ എ
6	നെഹമത്ത്
7	സുരേന്ദ്രൻ എസ് ആർ
8	സ്നേഹ എ എൽ
9	ശ്രീദേവി സി കെ
10	വൃന്ദ എസ് റ്റി
11	സവിത വി എസ്
12	സാബു ബി
13	ഉദയ എസ്, പേപ്പർ ബാഗ് മാനുഫാക്ചറിംഗ്
14	വിജയകുമാർ ഡി, ഫ്ലവർ മിൽ
15	ജയിംസ്, മാതാ ബേക്കറി
16	ലിസി ദാസ്, ഇമ്മാനുവേൽ പൌൾട്രി ഫാം
17	സുരേന്ദ്രൻ
18	ബാബു, ബി.എസ് ഇൻഡസ്ട്രീസ്
19	മുരളീധരൻ നായർ കെ
20	റ്റി ഡി പൊൻരാജ്
21	ശീലു പ്രേം, രോഹിണി
22	സോണിയ എസ്.ബി, ഹെർബാ ലൈഫ് ന്യൂട്രീഷൻ ക്ലാസ്

2. ട്രഡേഴ്സ് ലിസ്റ്റ് പ്രകാരം 136 സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ 105 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ഇതിൽ പലർക്കും ലൈസൻസ് അനുവദിച്ച് നൽകിയിട്ടുമില്ല. മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച് നൽകാത്തതിന് വിശദീകരണം ഓഡിറ്റ് എൻകയറി നം.32/24-1-2026 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും വിധമാണ്.
സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം 979 ആണ്. ലൈസൻസ് ഇല്ലാതെ പ്രസ്തുത കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിന് നിയമപരമായ ബാധ്യത ഇല്ലാത്ത സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല പരിശോധന നടത്തി ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകൗയറി നം. 32/24-1-2026 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	937
2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	23
3	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	13
4	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	6
ആകെ		979

4. ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നം. 32/24-1-2026 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ കൃത്യമായ ഡിമാന്റ് – കളക്ഷൻ – ബാലൻസ് വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-14 ടൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 266 ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂട്ടി രജിസ്ട്രേഷൻ ലഭിക്കാതെ ഒരു ടൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുകയോ രജിസ്ട്രേഷൻ പുതുക്കാതെ തുടർന്ന് പ്രവർത്തിപ്പിക്കുകയോ ചെയ്യാവുന്നതല്ല. 2024-25 സാമ്പത്തിക വർഷം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് യാതൊരുവിധ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ടൂട്ടോറിയൽ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാനും പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നം. 32/24-1-2026 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപ്രകാരമുള്ള രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന ടൂട്ടോറിയൽ സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് 267 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-15 വളർത്തുനായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 പ്രകാരം നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ഡോഗ് ആൻഡ് പിഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 11 വളർത്തുനായ്ക്കൾക്കായി മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് അനുവദിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകൗയറി നം. 32/24-1-2026 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്

1-16 കെട്ടിടങ്ങളെ വസ്തുനികുതി നിന്നും ഒഴിവാക്കിയത് പുനപരിശോധിക്കേണ്ടതാണ്

2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരം വസ്തുനികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നികുതിചുമത്തലുമായി ബന്ധപ്പെട്ട് സഞ്ചയ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതായി കണ്ടെത്തി.

ക്രമ നമ്പർ	കെട്ടിട നമ്പർ,	ഉടമസ്ഥന്റെ പേര്
1	5/149	ശ്രീകണ്ഠൻ
2	5/150	ശ്രീകണ്ഠൻ
3	5/192	തങ്കപ്പൻ
4	5/194	തങ്കപ്പൻ
5	6/38	ഫിലിപ്പ്
6	6/39	ഫിലിപ്പ്
7	8/26	ഗോപാലകൃഷ്ണൻ
8	8/27	ഗോപാലകൃഷ്ണൻ
9	9/2	ദേവസ്വംവക
10	9/4	ദേവസ്വംവക
11	12/216	കേരളവാട്ടർ അതോറിറ്റി
12	13/89	സബ് രജിസ്റ്റാർ ഓഫീസ്
13	14/74	ഫാത്തിമ നേഴ്സറി
14	14/75	ഫാത്തിമ നേഴ്സറി
15	5/320 A	രാമചന്ദ്രൻ
16	6/303	ഓഫീസ്

മേൽ വിവരിച്ച കെട്ടിടങ്ങളെ 2013 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന് മറുപടി ലഭ്യമാക്കാൻ 23/1/2026-ൽ നൽകിയ അന്വേഷണകുറിപ്പ് 15/2026 -ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും 2013 മുതൽ ഒഴിവാക്കിയത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ച് തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 ഹരിത കർമ്മസേന യൂസർഫീ വസ്തുനികുതിയോടെപ്പം ഈടാക്കുന്നില്ല.

31-3-2023-ലെ സ.ഉ.(സാധാ)നം.789/2023/തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തുനികുതി കുടിശ്ശികയായി കണക്കാക്കി 1-4-2023 മുതൽ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ യൂസർഫീ നൽകാത്തവരിൽ നിന്നും 1-4-2023 മുതൽ 31-3-2025വരെ ഈടാക്കിയ തുകയുടെ വിവരവും, പ്രസ്തുത തുക ഹരിതകർമ്മസേനയ്ക്ക് കൈമാറിയിയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 20/1/2026ൽ നൽകിയ അന്വേഷണകുറിപ്പ് 6/26-ന് നൽകിയ മറുപടിയിൽ ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ട കുടിശ്ശികയായ യൂസർഫീ വസ്തുനികതിയോടെപ്പം ഈടാക്കിയിട്ടില്ലായെന്നും നോട്ടീസ് നൽകി കുടിശ്ശികയായ യൂസർഫീ ഈടാക്കുന്നതാണെന്നും അറിയിച്ചു. സർക്കാർ ഉത്തരവ് പ്രകാരം കുടിശ്ശികയായ യൂസർഫീ വസ്തുനികുതിയോടെപ്പം ഈടാക്കി ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്.

1-18 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി-1, ജി-2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും

ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാൻ 20/1/2026 -ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 12/2026-ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ലായെങ്കിൽ അനധികൃത നിർമ്മാണങ്ങൾ കൂടാൻ കാരണമാകാവുന്നതിനാൽ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതും, തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-19 അനധികൃത കൊടി തോരണങ്ങൾ മാറ്റിയ ഇനത്തിൽ പിഴതുക ഈടാക്കിയിട്ടില്ല

19-6-2023-ൽ തദ്ദേശസ്വയംഭരണവകുപ്പ് (ആർ.സി) വകുപ്പ് പുറപ്പെടുവിച്ച ആർ.സി.1/262/2022 നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശസ്ഥാപനപരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ മുതലായവ നീക്കം ചെയ്യുന്നതിനും, പിഴ ഈടാക്കുന്നതും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 19/12/2024-ാം തിയതിയിലെ 12(4),(7)നമ്പർ ഭരണസമിതി തീരുനമാനങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്ത വാഹനത്തിന് 2,200/- രൂപയും കൂലിയിനത്തിൽ 3,600/- രൂപയും അനുവദിച്ചതായി കാണുന്നു. എന്നാൽ 2024-25 വർഷത്തിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ മുതലായവ നീക്കം ചെയ്തയിനത്തിൽ പിഴയായി ഈടാക്കിയ തുകയുടെ വിവരം ലഭ്യമാക്കാൻ 22/1/2026- ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 24/26 -ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം അനുസരിച്ച് പിഴതുക ഈടാക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയായി കാണുന്നു. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തുടർനടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-20 ഭരണസമിതി തീരുമാനങ്ങൾ നിശ്ചിത സമയത്തിനകം അംഗീകാരം നേടി പ്രസിദ്ധീകരിച്ചിട്ടില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24മണിക്കുറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ സെക്രട്ടറി ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറി പ്രസിഡന്റിന് അയച്ചു നൽകി അംഗീകാരം നേടാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണസമിതി യോഗ തിയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി
11/06/2024	17/08/2024	17/08/2024
26/06/2024	17/08/2024	17/08/2024
28/06/2024	17/08/2024	17/08/2024
3/07/2024	17/08/2024	17/08/2024
20/06/2024	2/9/2024	2/9/2024
20/07/2024	20/09/2024	20/09/2024

28/9/2024	5/11/2024	5/11/2024
2/11/2024	5/3/2025	5/3/2025
13/1/2025	6/6/2025	6/6/2025
1/2/2025	6/6/2025	6/6/2025
13/2/2025	1/8/2025	1/8/2025
25/3/2025	9/6/2025	9/6/2025
25/3/2025	22/8/2025	22/8/2025

ഭരണസമിതി തീരുമാനങ്ങൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അയച്ചു നൽകി അംഗീകാരം നേടി പ്രസിദ്ധീകരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി യോഗങ്ങൾ പൂർത്തിയായശേഷം തീരുമാനങ്ങൾ ക്രോഡീകരിച്ച് അദ്ധ്യക്ഷന്റെ അംഗീകാരത്തിന് അയച്ചു നൽകി തുടർനടപടി പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും വിധം സ്വീകരിക്കാത്തതിന് മറുപടി ലഭ്യമാക്കാൻ 17/1/2026-ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 6/2026 -ന് സമർപ്പിച്ച മറുപടിയിൽ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം പ്രസിഡന്റിന് അയച്ചു നൽകി അംഗീകാരം നേടി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറി പ്രസിഡന്റിന് അയച്ചു നൽകി അംഗീകാരം നേടി പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

1-21 വാഹനങ്ങളുടെ വിവരങ്ങൾ VEELS എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് –ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക/കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ 17/1/2026 -ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 8/25 -ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 ഗ്രാമസഭകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾപ്രകാരം കൂടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ജനാധിപത്യ ഭരണക്രമത്തിൽ സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനമാണ് ഗ്രാമസഭകൾ. 1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 3(3) പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒരു സാമ്പത്തിക വർഷം 3 മാസത്തിലൊരിക്കൽ ഗ്രാമസഭ ചേരേണ്ടതാണ്. ഗ്രാമസഭ യോഗതീരുമാനങ്ങൾ മിനിട്ട് ബുക്കിൽ യഥാവിധി രേഖപ്പെടുത്തേണ്ടതും യോഗഅവസാനം പൊതുജനങ്ങൾക്കായി വായിച്ച് കേൾപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ ഗ്രാമസഭ മിനിട്സുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാനഅപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. സാമ്പത്തിക വർഷത്തിൽ 3 മാസത്തിലൊരിക്കൽ ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷം വാർഡ് തലത്തിൽ 2വീതം ഗ്രാമസഭകളാണ് കൂടിയത്. ചില ഗ്രാമസഭ മിനിട്സുകളിൽ യോഗം കൂടി തിയതിപോലും രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി. 1/4/2024 മുതൽ 31/3/2025 വരയുള്ള സാമ്പത്തികവർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകൾ കൂടിയ തിയതികൾ ചുവടെ വിവരിക്കുന്നു.

വാർഡ്	ഗ്രാമസഭ കൂടിയ തിയതി	ഗ്രാമസഭ കൂടിയ തിയതി
1	12/10/2024	18/1/2025
2	08/10/2024	20/1/2025
3	12/10/2024	25/1/2025
4	7/10/2024	20/1/2025
5	7/10/2024	21/1/2025

6	12/10/2024	7/6/2025
7	10/10/2024	21/1/2025
8	9/10/2024	25/1/2025
9	തിയതി രേഖപ്പെടുത്തിയിട്ടില്ല	25/1/2025
10	തിയതി രേഖപ്പെടുത്തിയിട്ടില്ല	25/1/2025
11	9/10/2024	23/1/2025
12	28/10/2024	24/1/2025
13	12/10/2024	18/1/2025
14	11/10/2024	25/1/2025

പഞ്ചായത്ത് രാജ് അനുശാസിക്കും വിധം നിശ്ചിത ഇടവേളകളിൽ ഗ്രാമസഭകൾ വിളിച്ച് ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

B. ഗ്രാമസഭകളിൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷത്തെ പദ്ധതികളും, ചെലവുകളും, വാർഷികകണക്കുകളും അവതരിപ്പിക്കേണ്ടതാണ്. പ്രസ്തുത വരവുചെലവുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

C. ഗ്രാമസഭായേഗങ്ങളിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട്, അവതരിപ്പിച്ച് ചർച്ചചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം റിപ്പോർട്ടുകൾ അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടില്ലായെന്ന് മിനിട്സുകൾ പരിശോധിച്ചതിൽ കണ്ടെത്തി.

D. ഗ്രാമസഭ യോഗങ്ങളിൽ അംഗങ്ങൾക്ക് പുറമെ ഗ്രാമസഭ ഉൾകൊള്ളുന്ന പ്രദേശത്തെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗം, നിയമസഭാ അംഗം എന്നിവരെ ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ച ജനപ്രതിനിധികൾ ഗ്രാമസഭകളിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

E. 2024- 25വർഷത്തിൽ കുട്ടികളുടെ ഗ്രാമസഭ, യുവജന ഗ്രാമസഭ, മുതിർന്ന വ്യക്തികളുടെ ഗ്രാമസഭ എന്നിവ വിളിച്ച് ചേർത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ 23/1/2026-ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 30/25 -ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമസഭകൾ ചട്ടങ്ങൾ പ്രകാരം വിളിച്ചുചേർത്തുവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതും അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷത്തെ സകർമ്മ മിനിട്സ് പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പ്രസ്തുത തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാൻ 17/1/2026-ൽ നൽകിയ അന്വേഷണകുറിപ്പ് നമ്പർ 5/2026–ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ റിമാർക്സ് കോളത്തിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	തീയതി, തീരുമാന നമ്പർ	തീരുമാനം	റിമാർക്സ്
1	3/7/2024 തീരുമാന നമ്പർ :- 1	കേരള ഫോക് ലോർ അക്കാദമിയുടെ സഹായത്തോടെ ഒരു മികച്ച പ്രോജക്ട് ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന് നീരാഴിക്കോണം ഭാവന സാംസ്കാരികകേന്ദ്രം കേരള ഫോക് ലോർ അക്കാദമിയെ സമീപിച്ചതായും ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് സ്ഥലവും സഹകരണവും നൽകുകയാണെങ്കിൽ ഒരു ഫോക്ക് വില്ലേജ് ആരംഭിക്കുന്നതിന് സന്നദ്ധരാണെന്ന് കേരള ഫോക് ലോർ അക്കാദമി അറിയിച്ചതായും, ഭാവന കലാ സാംസ്കാരിക കേന്ദ്രത്തിന്റെയും, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെയും, കേരള ഫോക് ലോർ അക്കാദമിയുടെയും	തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

		സഹകരണത്തോടെ പ്രസ്തുത ഫോക്ക് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്തിന്റെ തീരുമാനം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഭാവന കലാ സാംസ്കാരിക കേന്ദ്രം നൽകിയ കത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ഫോക് ലോർ അക്കാദമിയുടെയും വിവിധ സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ഫോക് ലോർ വില്ലേജ് ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ സ്ഥലവും സഹകരണവും നൽകണമെന്ന് കേരള ഫോക് ലോർ അക്കാദമി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി ബഹു. പ്രസിഡന്റ് കമ്മിറ്റിയെ അറിയിക്കുകയും ചെയ്തു പ്ലാമ്പഴിഞ്ഞി വാർഡിലെ ആറേക്കർ പാറ അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യു വകുപ്പിന് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ടി ഭൂമി അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന് കൈമാറി ലഭിക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തും കേരള ഫോക് ലോർ അക്കാദമിയും സംയുക്തമായി സർക്കാർ അനുമതിയോടെ നിയമാനുസൃതമായി മേൽപ്പറഞ്ഞ ഫോക് ലോർ വില്ലേജ് പ്രോജക്റ്റ് ഏറ്റെടുക്കാനോ, നിയമാനുസരണം ഫോക് ലോർ അക്കാദമിയ്ക്ക് മേൽ പരാമർശിച്ച ഭൂമി വിട്ട് നൽകാനോ പഞ്ചായത്തിന് തടസ്സമില്ല എന്ന വിവരം കേരള ഫോക്ക് ലോർ അക്കാദമിയെ അറിയിക്കുന്നതിന് യോഗം ഐകകണ്ഠേന തീരുമാനിച്ചു.	
2	തീരുമാന നമ്പർ :- 12	ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ആലച്ചക്കോണം വാർഡിൽ നിരാഴിക്കോണം കുളം പുറമ്പോക്ക് (കാട്ടാക്കട താലുക്കിൽ ഒറ്റശേഖരമംഗലം വില്ലേജിൽ ബ്ലോക്ക് 29 ൽ റീസർവ്വെ 97/12 ൽപ്പെട്ട 39.66 ആർ ഭൂമി) സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ 27/04/2024 തിയതിയിലെ WC (C) 23166/2027 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട തഹസിൽദാർ പുറപ്പെടുവിച്ച 08/07/2024 തിയതിയിലെ TLK-KTDA-1889/2024 J2 നമ്പർ ഉത്തരവ് യോഗത്തിൽ വായിച്ച് ചർച്ച ചെയ്തു. ആയത് പ്രകാരംടി ഭൂമി പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി ഭൂമി അളന്ന് തിരിച്ച് അതിർത്തി കല്ല് സ്ഥാപിച്ച് തരുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹു. ലാന്റ് റവന്യു കമ്മിഷണറോട് അഭ്യർത്ഥിച്ച് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു	ഒറ്റശേഖരമംഗലം വില്ലേജിൽ ബ്ലോക്ക് 29 ൽ റീസർവ്വെ 97/12 ൽപ്പെട്ട 39.66 ആർ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം കോപ്പി സഹിതം ലഭ്യമാക്കേണ്ടതാണ്.

1-24 വൃദ്ധർക്ക് കട്ടിൽ - കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല. 3,300/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ (ST) എന്ന പദ്ധതിയിൽ കട്ടിലുകൾ പൂർണമായും വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	101/24-25
പ്രോജക്ടിന്റെ പേര്	വൃദ്ധർക്ക് കട്ടിൽ-എസ്.റ്റി.
അടങ്കൽ തുക	₹40,000/-
ചെലവ് തുക	₹33,000/-
ഫണ്ടിനം	വികസന ഫണ്ട് (ടി.എസ്.പി)
ബിൽ നം.	502/25.03.25

മേൽ പദ്ധതി പ്രകാരം എസ്.റ്റി. ഗുണഭോക്താക്കളായ വൃദ്ധർക്ക് തടി കട്ടിലുകൾ വാങ്ങി വിതരണം ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. തതനുസരണം 10 കട്ടിലുകൾ ഒന്നിന് 3,300/- രൂപ നിരക്കിൽ ഒളിമ്പിയ ഇന്റീരിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ആയതിൽ 9 കട്ടിലുകൾ മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന ഒരു കട്ടിൽ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/19.01.26 ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് ഒരു കട്ടിൽ വിതരണം ചെയ്യാത്തതെന്നും ഗുണഭോക്താവ് ആവശ്യമായ രേഖകൾ ഹാജരാക്കുമ്പോൾ കട്ടിൽ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന കട്ടിലിന്റെ വിലയായ 3,300/- രൂപ തടസ്സപ്പെടുത്തുന്നു. കട്ടിൽ ഗുണഭോക്താവിന് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല – തുക 17,397/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 വർഷം മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. പൂഴനാട് നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ വൃദ്ധർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 2,99,999/- രൂപ ഐ.എച്ച്.ഡി.ബി.യിൽ ഒടുക്കിയതിൽ 17,397/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക് നം.	125/25
അടങ്കൽ തുക	₹11,00,000/-
ചെലവ് തുക	₹8,23,980/-
ബിൽ നം.	390/07.03.2025 (2,99,999/-) വികസന ഫണ്ട്
ഫണ്ടിനം	₹2,00,000/- തനത് ഫണ്ട് ₹6,41,343/- വികസന ഫണ്ട്

പ്രോജക്ട് നം.125/25 നായി 11,00,000/- രൂപ വകയിരുത്തിയതിൽ 2,99,999/- രൂപ ഐ.എച്ച്.ഡി.ബി.യിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി ഒടുക്കിയിട്ടുണ്ട്. (ഇൻവായിസ് നം.DL No.2-412/20/2001 13.11.2001) എന്നാൽ നിലവിലും 17,397/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 17,397/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം ആസ്പദമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/21.01.2026 ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-26 പാഥേയം പദ്ധതി നടത്തിപ്പ് അപാകതകൾ

2024-25 വർഷം അസി. സെക്രട്ടറി നടപ്പിലാക്കിയ പാഥേയം ജനറൽ, പാഥേയം എസ്.സി.പി എന്നീ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)

പ്രോജക്ട് നം.	111/24-25
പദ്ധതിയുടെ പേര്	പാഥേയം - എസ്.സി.പി.

അടങ്കൽ തുക	₹6,11,520/-
ചെലവ് തുക	₹33,456/- വികസന ഫണ്ട്, എസ്.സി.പി.
ഫണ്ടിനം	₹2,44,608/- വികസന ഫണ്ട് ₹3,66,912/- ജില്ലാ പഞ്ചായത്ത് വിഹിതം
ബിൽ നം.	327/12.02.2025

2)

പ്രോജക്ട് നം.	109/24-25
പദ്ധതിയുടെ പേര്	പാഥേയം-ജനറൽ
അടങ്കൽ തുക	₹10,31,840/-
ചെലവ് തുക	₹51,168/- (വികസന ഫണ്ട്)
ബിൽ നം.	381/06.03.2025
ഫണ്ടിനം	വികസന ഫണ്ട് – ₹1,72,736/- ജില്ലാ പഞ്ചായത്ത് വിഹിതം – ₹5,59,104/- തനത് ഫണ്ട് – ₹3,00,000/-

മേൽ രണ്ട് പദ്ധതികൾ പ്രകാരം നിരാലംബരായ വ്യക്തികൾക്ക് ഒരു നേരത്തെ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ടി പദ്ധതിപ്രകാരം എസ്.സി. വിഭാഗത്തിൽ 45 പേർക്കും ജനറൽ വിഭാഗത്തിൽ 67 പേർക്കും 40/- രൂപ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് മാളൂട്ടി കേറ്ററിംഗ് യൂണിറ്റ് അംഗം ശ്രീമതി ബീന എന്ന വ്യക്തിക്കാണ് തുക കൈമാറിയിട്ടുള്ളത്. ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ്. മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഓരോ വാർഡിലെയും എത്ര ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച് ഓരോ വാർഡിലെയും വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ കാറ്ററിംഗ് യൂണിറ്റുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം ആസ്പദമാക്കി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/19-01-2026 ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കുടുംബശ്രീ അക്കൗണ്ടന്റ് ഹാജരാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി തൃപ്തികരമല്ല. പദ്ധതി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്ന പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-27 ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ നൽകിയ 37,116/- രൂപ നിരാകരിക്കുന്നു

പദ്ധതിയുടെ നമ്പർ, പേര്	99/24- 25, ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ
അടങ്കൽതുക	₹2,43,360/- (ധനകാര്യകമ്മീഷൻ അവാർഡ് തുക)
ചെലവ് തുക	₹2,43,360/-
ബിൽനമ്പർ, തീയതി	86/27-6-2024 – 40,560/- 137/ 8-8-2024 – 40,560/- 150/ 2-9-2024 – 20,280/- 178/ 4-10-2024 – 20,280/- 204/ 8-11-2024 – 20,280/- 221/4-12-2024 – 20,280/- 281/ 6-1-2025 – 20,280/- 310/ 3-2-2025 – 20,280/- 450/ 17-3-2025 – 20,280/- 459/ 19-3-2025 – 20,280/-
നിർവഹണ ഉദ്യോഗസ്ഥ	വി.ഇ.ഒ (B-സർക്കിൾ)

പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഹരിതസഹായ സ്ഥാപനമായ Academy For Mountaineering And Adventure Sports എന്ന സ്ഥാപനത്തിനുമായി 7/06/2024 ൽ വി.ഇ.ഒ. കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം സ്ഥാപനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തന വിപുലീകരണകരവുമായി ബന്ധപ്പെട്ട് സമർപ്പിക്കന്ന പ്രതിമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 20,280/-രൂപ നൽകേണ്ടതാണ്. 12 മാസത്തെ തുകയായി

2,43,360/- (20,280x12) രൂപ സ്ഥാപനം ലഭ്യമാക്കിയ വിവിധ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.അപ്രകാരം അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മാസം	Consultant Fee Without GST	GST (9%+9%)	Travelling Amount Without GST	GST (9%+9%)	Office Expenditure	SGST CGST (9%+9%)	Total (₹)
മാർച്ച് 2024	12712	2288	3416	614	1059	191	20,280
ഏപ്രിൽ 2023	12712	2288	3416	614	1059	191	20,280
മെയ് 2023	12712	2288	3416	614	1059	191	20,280
ജൂൺ 2023	12712	2288	3416	614	1059	191	20,280
ജൂലൈ 2023	12712	2288	3416	614	1059	191	20,280
ഓഗസ്റ്റ് 2023	12712	2288	3416	614	1059	191	20,280
സെപ്റ്റംബർ 2023	12712	2288	3416	614	1059	191	20,280
ഒക്ടോബർ 2023	12712	2288	3416	614	1059	191	20,280
നവംബർ 2023	12712	2288	3416	614	1059	191	20,280
ഡിസംബർ 2023	12712	2288	3416	614	1059	191	20,280
ജനുവരി 2024	12712	2288	3416	614	1059	191	20,280
ഫെബ്രുവരി 2024	12712	2288	3416	614	1059	191	20,280
Total	1,52,544	27,456	40,992	7,368	12,708	2,292	2,43,360

സ്ഥാപനത്തിന് കൈമാറിയ 2,43,360/- രൂപയിൽ 37,116/- രൂപ (27,456 + 7,368 + 2,292) GST തുകയായി നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ 32AABAA0767A2Z1 GST പോർട്ടലിൽ പരിശോധിച്ചതിൽ അത്തരമൊരു രജിസ്ട്രേഷൻ നമ്പർ നിലവിലില്ല എന്നു കാണുന്നു. 32AABAA0767A2Z1 ആണ് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന GST നമ്പർ. പോർട്ടലിലെ വിവരങ്ങൾ പ്രകാരം ടി സ്ഥാപനത്തിന്റെ GST സ്റ്റാറ്റസ് 10.09.2021 ൽ Suomoto റദ്ദാക്കിയതായും, Cannot Collect G.S.T. എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ 11/09/21 മുതൽ ടി സ്ഥാപനത്തിന് GST ഈടാക്കാനുള്ള അവകാശം നഷ്ടപ്പെട്ട സാഹചര്യത്തിൽ GST ഉൾപ്പെടെയുള്ള തുക അനുവദിച്ചത് ക്രമവിരുദ്ധമാണ്. GST രജിസ്ട്രേഷൻ നിലവിൽ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക അനുവദിച്ചു നൽകിയതിന് മറുപടി ലഭ്യമാക്കാൻ 22/1/2026 -ൽ നൽകിയ അന്വേഷണകുറിപ്പ് 23/26 – ന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ഇനത്തിൽ കൈപ്പറ്റിയ തുക സ്ഥാപനം തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചു. കൂടാതെ 31/2026-നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിന് 2022-23 വർഷത്തിൽ 46/22-23, 2023-24വർഷത്തിൽ 82/23-24 നമ്പർ പദ്ധതികൾ പ്രകാരം 2,43,360/- രൂപ വീതം നൽകിയതായും ടി തുകകളിൽ ജി.എസ്.ടി. ഇനത്തിൽ 37,116/- രൂപ വീതം നൽകിയതായും അറിയിച്ചു. 11/09/21 മുതൽ ടി സ്ഥാപനത്തിന് GST ഈടാക്കാനുള്ള അവകാശം നഷ്ടപ്പെട്ട സാഹചര്യത്തിൽ GST ഇനത്തിൽ തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ക്രമവിരുദ്ധമായി ജി.എസ്.ടി. അനുവദിച്ചത് പരിശോധിച്ച് ജി.എസ്.ടി. ഇനത്തിൽ മുൻകാലങ്ങളിൽ നൽകിയ തുക ഉൾപ്പടെ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇനത്തിൽ ക്രമവിരുദ്ധമായി നൽകിയ 37,116/- രൂപ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം നിരാകരിച്ച തുക നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്. വിശദാംശം ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തുന്നു.

1-28 ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഹരിതകർമ്മ സേന സംരംഭരങ്ങൾക്ക് സാങ്കേതികത്വം, സ്വയംപര്യാപ്തത എന്നിവ കൈവരിക്കുന്നത് തദ്ദേശസ്വയംഭരണസ്ഥാപനം വഴി ഏർപ്പെടുത്തി കൊടുക്കുന്ന സാങ്കേതിക ഏജൻസികളാണ് ഹരിത സഹായ സ്ഥാപനം. ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്ക്കരണ ക്യാമ്പയിൽ നിർവഹണ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.2420/2017 തസ്വഭവ തിയതി 15/7/2017 ഉത്തരവ് പ്രകാരം അജൈവമാലിന്യത്തിലെ മൂല്യമുള്ള വസ്തുക്കൾ ക്ലീൻ കേരള കമ്പനിയോ, അതുപോലുള്ള മറ്റ് സംവിധാനങ്ങളോ വഴി വിപണനം ചെയ്യുന്നതിലൂടെയും ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റിങ്ങിലൂടെ ഉണ്ടായ

ജൈവവളത്തിന്റെ വില്പനയിലൂടെ ഉണ്ടാകുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം ഹരിതകർമ്മസേനയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രോട്ടോകോൾ ഹരിത സഹായസ്ഥാപനം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകരാത്തോടെ നടപ്പിലാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സ്ഥാപിച്ച എല്ലാ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്നും അവയിൽ ഒന്നുപോലും തടസ്സംകൂടാതെ പ്രവർത്തിക്കുന്നുവെന്നും ഹരിതസഹായ സ്ഥാപനം ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതസഹായ സ്ഥാപനം തയ്യാറാക്കി നൽകിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാനും, തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സ്ഥാപിച്ച എല്ലാ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കാൻ 21/12/2025 ൽ നൽകിയ അന്വേഷണകുറിപ്പ് നം. 18/25-ന് വി.ഇ.ഒ സമർപ്പിച്ച മറുപടിയിൽ 2021 സെപ്റ്റംബർ മാസം മുതൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതസഹായ സ്ഥാപനം ഹരിതകർമ്മസേനയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രോട്ടോക്കാൾ (സംരംഭങ്ങൾ) തയ്യാറാക്കി സമർപ്പിച്ചിട്ടില്ലായെന്നും, 2024-25 സാമ്പത്തിക വർഷം വരെ 8,69,000/- രൂപ നൽകിയതായും, പ്രവർത്തന റിപ്പോർട്ടുകൾ മാത്രം ലഭ്യമാക്കിയതായും അറിയിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സ്ഥാപിച്ച എല്ലാ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്നും അവയിൽ ഒന്നുപോലും തടസ്സംകൂടാതെ പ്രവർത്തിക്കുന്നുവെന്നും ഹരിതസഹായ സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. 2025 സെപ്റ്റംബർ 24-ന് ഉദ്ഘാടനം നടത്തിയ പഞ്ചായത്തിലെ ബെയിലിംഗ് യൂണിറ്റും ആർ.ആർ എഫും കെട്ടിടത്തിലെ സ്ഥലപരിധി കാരണം പ്രവർത്തിക്കുന്നില്ലായെന്നും ഓഡിറ്റ് ടീം സ്ഥലപരിശോധനയിൽ കണ്ടെത്തി.ആയത് ശരിവയ്ക്കുന്ന ഫോട്ടോകൾ ചുവടെ ചേർക്കുന്നു.









ഗ്രാമപഞ്ചായത്ത് തലത്തിൽ യൂസർഫീ നൽകുന്നതും നൽകാത്തതുമായ വീടുകളുടേയും സ്ഥാപനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

വീടുകൾ	യൂസർഫീ നൽകുന്ന വീടുകൾ	യൂസർഫീ നൽകാത്ത വീടുകൾ
4718	3814	967
വാണിജ്യ സ്ഥാപനങ്ങൾ	യൂസർഫീ നൽകുന്നവ	യൂസർഫീ നൽകാത്തവ
266	185	81
മറ്റ് സ്ഥാപനങ്ങൾ	യൂസർഫീ നൽകുന്നവ	യൂസർഫീ നൽകാത്തവ
158	103	55

ഹരിത സഹായ സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ഹരിതകർമ്മസേനയ്ക്കുള്ള യൂസർ ഫീ പൂർണ്ണമായും പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനാലും, 2021 സെപ്റ്റംബർ മാസം മുതൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതസഹായ സ്ഥാപനം ഹരിതകർമ്മസേനയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രോട്ടോക്കാൾ (സംരംഭങ്ങൾ) തയ്യാറാക്കി നാളിതുവരെ സമർപ്പിക്കാത്തതിനാലും, പഞ്ചായത്ത് നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളിലും ഹരിതകർമ്മസേനയുടെ Q.R കോഡ് പതിപ്പിച്ച് കഴിഞ്ഞതിനാലും ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തുടരേണ്ട ആവശ്യകത ഭരണസമിതി ചർച്ച ചെയ്യേണ്ടതും, ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം നീരിക്ഷിച്ച് യുക്തമായ നടപടി സ്വീകരിക്കേണ്ടതും ഭരണസമിതിയുടെ തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 സ്പിൽഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

സ്പിൽഓവർ പദ്ധതികൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ചുവടെ വിവരിക്കുന്ന പദ്ധതികൾ സ്പിൽഓവർ ആയെങ്കിലും 2024-25 വർഷത്തിലും പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലായെന്ന് സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

പദ്ധതി നമ്പർ	അടങ്കൽ തുക (രൂ.)	ചെലവ് തുക (രൂ.)

SO183/ 2024- 25, സമഗ്ര നെൽകൃഷി വികസനം	89,000	26,360
SO180 /24-25, ഹരിതഭവനം പദ്ധതി	54,725	35,000
SO178/24-25, കുറ്റികുരുമുളക് കൃഷി വികസനം	85,590	38,685
SO174/24-25, ഫലവൃക്ഷ കൃഷി വികസനം	1,86,125	53,250
SO176/24-25, ജൈവ പച്ചകൃഷി വികസനം	2,67,266	96,154
SO177/24-25, നാളികേര കൃഷി മെച്ചപ്പെടുത്തൽ	1,98,300	11,55,145
SO171/24-25, മൺചട്ടിയിൽ പച്ചക്കറി കൃഷി	3,00,000	1,30,000
SO172/24-25, കിഴങ്ങ് വർഗ്ഗ കൃഷി വികസനം	1,68,000	1,50,000
SO175/24-25, ഒരു പഞ്ചായത്ത് ഒരു ഉത്പന്നം-മരിച്ചീനി കൃഷി	2,50,000	2,00,000
SO173/24-25, വാഴകൃഷി വികസനം	3,36,750	3,00,000

1. കാർഷികമേഖലയിൽ കൃഷി സംബന്ധമായ പദ്ധതികൾ സ്പിൽഓവർ ആയിട്ടും 2024-25 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാത്തതിന് മറുപടിയും, മേൽ വിവരിച്ച പദ്ധതികൾക്ക് ഏത് വർഷമാണ് അംഗീകരാം ലഭിച്ചതെന്ന വിവരം ലഭ്യമാക്കാനും 21.01.26 ൽ നൽകിയ ഓഡിറ്റ് എൻകൃയറി നം. 17-ന് മറുപടി ലഭ്യമാക്കിയില്ല. കാർഷികമേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർണ്ണമായും നടപ്പിലാക്കി ധനസഹായം അനുവദിക്കാത്തത് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ചർച്ചചെയ്യേണ്ടതും, അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-30 പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച ഫയലുകളും ചെലവ് രേഖകളും ലഭ്യമാക്കിയില്ല - 97,73,000/- രൂപ തടസ്സപ്പെടുത്തുന്നു

സുലേഖ ചെലവ് പത്രിക പ്രകാരം ചുവടെ വിവരിക്കുന്ന പദ്ധതിയ്ക്കായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (A-സർക്കിൾ) ചുവടെ വിവരിക്കുന്ന പദ്ധതികൾ പ്രകാരം തുക അനുവദിച്ചു നൽകിയെങ്കിലും ഫയലുകളും ബില്ലുകളും അനുബന്ധ ചെലവ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ക്രമ നമ്പർ	പദ്ധതി നമ്പർ, പേര്	അടങ്കൽ തുക (രൂ.)	ചെലവ് തുക (രൂ.)
1	150/24-25, വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം എസ്.സി വ്യക്തിഗതം ജനറൽ	1,50,000	1,20,000
2	246/24-25, ലൈഫ് ഭവനം 2020 ജനറൽ	26,56,80,000	55,20,000
3	247/24-25, മസ്കിറ്റോ ഫ്രീ ബയോപ്ലാന്റ്	33,488	33,000
4	245/24-25, ലൈഫ് ഭവന പദ്ധതി 2020 എസ്.സി	70,00,000	32,20,000
5	243 /24-25, ഗ്രീൻ ഇവന്റ്മാനേജ്മെന്റ് ഗ്രൂപ്പ്	50,000	50,000
6	115/24-25, മെരിറ്റോറിയസ് സ്കോളർഷിപ്പ് - എസ്.സി.പി	2,00,000	2,00,000
7	151/24-25, വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം എസ്.സി വ്യക്തിഗതം	6,30,000	6,30,000
		ആകെ	**97,73,000/-**

പ്രസ്തുത പദ്ധതികളുടെ അപേക്ഷ ഉൾപ്പെടെയുള്ള മുഴുവൻ ഫയലുകളും 23/01/2025-ാം തിയതിയ്ക്കകം ഓഡിറ്റിന് ലഭ്യമാക്കാൻ 20/1/2026 – ൽ നൽകിയ അന്വേഷണകുറിപ്പ് നം. 14/25 – ന് മറുപടി ലഭ്യമാക്കുകയോ, ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 20/1/2026 – ൽ Audit Requisition നൽകിയിട്ടും ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് /മുൻസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകളോ, ഫയലുകളോ, കണക്കുകളോ നൽകാൻ വീഴ്ച് വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും, അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം ഫയലുകളും മറ്റ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ വി.ഇ.ഒ (A സർക്കിൾ) 2024-25 ൽ വിവിധ പദ്ധതികൾ പ്രകാരം ചെലവഴിച്ച 97,73,000/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതികളുടെ ഫയലുകളും ചെലവ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കാത്തത് ഭരണസമിതി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കേണ്ടതതാണ്. ഫയലുകളുടെ അഭാവത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഭൗതിക പരിശോധന നടത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച്

രണ്ട് മാസത്തിനകം ഫയലുകളും അനുബന്ധരേഖകളും ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

1-31 ജലജീവൻ മിഷൻ അവലോകനം

05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം. കുറിപ്പ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടി വെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്.

പ്രസ്തുത കുറിപ്പ് പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര, സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ഓഡിറ്റ് അന്വേഷണം നം. 3/2026 തീയതി 19.01.2026ന് ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥാപന വിഹിതം, ഗുണഭോക്തൃവിഹിതം എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1-32 ഹെൽത്ത് ഗ്രാന്റ്

GO(Rt)No.2132/LSGD ഉത്തരവ് പ്രകാരം 5 സ്കീമുകൾ പ്രതിപാദിച്ചിട്ടുള്ളതിൽ മൂന്ന് സ്കീമുകളാണ് പഞ്ചായത്ത് തലത്തിൽ ബാധകമായിട്ടുള്ളത്. 2024-25 വർഷം ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻകയറി (നം. 1/17.01.2026)ന് ലഭ്യമാക്കിയ മറുപടിയും അനുബന്ധ രേഖകളും ആധാരമാക്കി തയ്യാറാക്കിയത്).

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

വർഷം	തുക (രൂ.)
2021-22	0
2022-23	3,69,733
2023-24	11,10,000
2024-25	8,55,000

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം -3	സ്കീം - 4	ആകെ (രൂ.)
2021-22	0	0	0	0
2022-23	0	2,34,733	1,35,000	3,69,733
2023-24	0	7,76,000	3,34,000	11,10,000

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

8,65,357/- 2024-25 വർഷത്തെ വാർഷിക കണക്ക് പ്രകാരം 8,93,866/- രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസം 28,509/- രൂപ.

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരു വിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക (രൂ.)
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ (SO)	1,35,000
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ അഡിഷണൽ (SO)	93,300
2023-24	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ (SO)	1,41,430

2023-24	കുടുംബാരോഗ്യ കേന്ദ്രത്തിന് രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO)	7,75,646
2023-24	കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (SO)	3,34,000

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം

- ഇല്ല –

6) പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരവും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകളൊന്നും സംയോജിപ്പിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസ്.-മായി ബന്ധപ്പെടുത്തിയുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നിർവ്വഹിക്കുന്നത്. പി.എഫ്.എം.എസ്. അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ്വെയറിൽ ചെലവ് തുകയായി രേഖപ്പെടുത്തി ഓരോ മാസവും പ്രസ്തുത അക്കൗണ്ടിലെ കണക്കുകൾ ക്രമപ്പെടുത്തുന്നുണ്ട്. എല്ലാ പദ്ധതികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കുന്നുണ്ട്. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭ്യമായ അത്രയും തുകയ്ക്കും പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന ഫണ്ടുകൾക്ക് അനുസ്യൂതമായി പദ്ധതികൾ രൂപീകരിച്ച് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-33 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന അവലോകനം

ഗ്രാമപഞ്ചായത്തിലെ ഒറ്റശേഖരമംഗലം എന്ന സ്ഥലത്താണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനം 08.02.2017ലാണ് പ്രവർത്തനം ആരംഭിച്ചത്. ഈ സ്ഥാപനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ബി.ആർ.സി.യിലെ കുട്ടികളുടെ എണ്ണം	ആൺ	12
	പെൺ	18
തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബൽ പൾസി) ബാധിച്ച കുട്ടികളുടെ എണ്ണം	3	

നിലവിൽ ബി.ആർ.സി.84.5m² വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്

ബി.ആർ.സി. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം	84.5m²
ചുറ്റുമതിൽ, ഗേറ്റ് സൗകര്യം, റോഡ് സൗകര്യം	ലഭ്യമാണ്
ബി.ആർ,സി. കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി	2026 മാർച്ച് വരെ
ബി.ആർ.സി, ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം	6 സെന്റ്
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റ് സൗകര്യം	ലഭ്യമാണ്
ടോയ്ലറ്റുകളുടെ എണ്ണം	ആൺകുട്ടികൾക്ക് - 1
	പെൺകുട്ടികൾക്ക്-1
2024-25 വർഷത്തെ രക്ഷാകർത്യയോഗങ്ങളുടെ എണ്ണം	9 എണ്ണം
ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം ഉണ്ടോ?	ഇല്ല (വാടകക്ക് എടുത്തിട്ടുണ്ട്)
വാഹന സൗകര്യം ഉപയോഗിക്കുന്ന കുട്ടികൾ	28

ബി.ആർ.സി.യിൽ ഫിസിയോ തെറാപ്പി ഓഫീസ്, കൗൺസലിംഗ്, ഒക്യുപ്പേഷണൽ തെറാപ്പി എന്നിവക്കായി പ്രത്യേകം മുറികൾ സജ്ജമാക്കിയിട്ടില്ല. എന്നാൽ തൻവർഷം 2,00,000/- രൂപ ചെലവഴിച്ച് സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കിയിട്ടുണ്ട്.

2024-25 വർഷം ബി.ആർ.സി.ക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം						
തനത് ഫണ്ട്	പ്ലാൻ ഫണ്ട് (രൂ.)	എം.എൽ.എ/ എം.പി. ഫണ്ട്	കുടുംബശ്രീ മുഖേന	സംഭാവന	വരവ് (രൂ.)	ചെലവ് (രൂ.)
-	22,25,746/-	-	-	-	22,25,746/-	16,99,800/-

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 3/17.01.2026) ബി.ആർ.സി. കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ്

കാര്യക്ഷമമാക്കുന്നതിനുമായി പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിനും സ്വന്തമായി വാഹനം വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 വീട് വാസയോഗ്യമാക്കൽ - മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്

121/24-25 നമ്പർ (എ.സി) പദ്ധതി പ്രകാരം വീട് പുനരുദ്ധാരണത്തിനായി 22 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം നൽകുന്നതിനായി പദ്ധതി അംഗീകാരം നേടി 21,70,000/- രൂപ ചെലവഴിച്ചു. കരാർ വയ്ക്കുമ്പോൾ 50,000/- രൂപയും പുനരുദ്ധാരണം നടത്തി വാല്യുവേഷൻ സമർപ്പിക്കുമ്പോൾ 50,000/- രൂപയും നൽകുന്ന വിധം പദ്ധതി നടപ്പിലാക്കി. സ.ഉ.(കൈ)നം.115/2022 തസ്വഭവ തീയതി 28/5/2022 പ്രകാരം പുറപ്പെടുവിച്ച സബ്ബിഡി മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയ്ക്കായി ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസീയർ സാക്ഷ്യപ്പെടുത്തേണ്ടതും, ധനസഹായത്തോടെ നിർമ്മിക്കുന്ന പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞ് മാത്രമേ ധനസഹായം നൽകാൻ പാടുള്ളുവെന്നും, ഓവർസീയർ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 21/02/2023-ലെ സ.ഉ.(സാധാ) നം.440/2023/LSGD ഉത്തരവിൽ ഒരിക്കൽ ധനസഹായം നൽകിയാൽ കറഞ്ഞത് മുന്ന് വർഷമെങ്കിലും കഴിഞ്ഞതിന് ശേഷമേ വീണ്ടും വീട് അറ്റകുറ്റപണിയ്ക്ക് ധനസഹായം നൽകാവുവെന്ന് നിബന്ധനയുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

1. 22 ഗുണഭോക്താക്കളും അപേക്ഷയേടൊപ്പം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

2. നിർവഹണോദ്യാഗസ്ഥ ഭവന പുനരുദ്ധാരണത്തിന്റെ വിവരണങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ഭവനപുനരുദ്ധാരണം തെളിയിക്കുന്ന ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല.

4. വാല്യുവേഷൻ സർട്ടിഫിക്കറ്റുകളിൽ ഭവനങ്ങളിൽ നടത്തിയ പുനരുദ്ധാരണത്തിന്റ വിവരങ്ങൾ ഓവർസീയർ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ 19/1/2026-ൽ നൽകിയ അന്വേഷണകുറിപ്പ് നം.10/25 ന് വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ തുടപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ധനസഹായം നൽകുമ്പോൾ മർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രേഖകൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-35 പെണ്ണിടം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം.	61/25
പ്രോജക്ടിന്റെ പേര്	പെണ്ണിടം സ്ത്രീകളുടെ കലാകായികമേള
അടങ്കൽ തുക	90,000/- രൂപ
ഫണ്ടിനം	വികസന ഫണ്ട്
ചെലവ് തുക	48,700/- രൂപ
ബിൽ നം.	410/09.03.2025
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പെണ്ണിടം സ്ത്രീകളുടെ കലാകായികമേള എന്ന പദ്ധതി പ്രകാരം വനിതകൾക്ക് ഒത്തു ചേരുന്നതിനും, വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും കലാകായികമേള നടത്തി വിജയികൾക്ക് സമ്മാനം നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കാതെ വനിത ജംഗ്ഷൻ എന്ന പരിപാടി മാത്രമാണ് നടത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം പെണ്ണിടം എന്ന സ്ഥലം ഒരുക്കുന്നതിന് 35,000/- രൂപയും, വാർഡ്തല കായികമേളക്ക് 5,000/- രൂപ സ്ത്രീകളുടെ പഞ്ചായത്ത്തല വനിതാകലാകായികമേള, സെമിനാറുകൾ - 50,000/- രൂപ എന്നീ ഇനങ്ങൾക്കാണ് തുക വകയിരുത്തിയിരുന്നത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്തതിൽ സ്ത്രീകൾ ഒത്തു കൂടുന്നതിനായി വനിത ജംഗ്ഷൻ എന്ന പരിപാടി മാത്രം നടത്തുകയും പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് ഇനങ്ങളൊന്നും നടത്തിയിട്ടില്ല. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/21-01-2026ന് ലഭ്യമാക്കിയ മറുപടിയിൽ വരുംവർഷങ്ങളിൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള വിധം പദ്ധതി നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ത്രീകളുടെ സമഗ്രവികസനത്തിനായി

ആവിഷ്കരിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-36 പോസ്റ്റ് മാറ്റി വയ്ക്കൽ വിനയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല 3,99,806/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 14 വാർഡുകളിലും
പ്രോജക്ട് നമ്പർ	93/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
എസ്റ്റിമേറ്റ് തുക	8,00,000/- രൂപ
ചെലവായ തുക	5,08,639/- രൂപ
ഫണ്ടിനം	ധനകാര്യ കമ്മീഷൻ അവാർഡ്
ബിൽ നം./തീയതി	119/11.07.24 – 4,24,692/- 478/21.03.25 – 83,947/-

മേൽ പ്രോജക്ടിന് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റനുസരിച്ച് ആകെ 5,08,639/- രൂപ കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 1,08,833/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചെങ്കിലും 3,99,806/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡിന്റെ പേര്	എസ്റ്റിമേറ്റ് പ്രകാരം കൈമാറിയ തുക (രൂ.)
1	ഒറ്റശേഖരമംഗലം വാർഡ്	77,321
2	കുറവര വാർഡ്	48,221
3	വാളിക്കോട്	67,977
4	മണ്ഡപത്തിൻ കടവ് വാർഡ്	63,605
5	കുന്നനാട് വാർഡ്	68,753
6	കുടമ്പറ വാർഡ്	73,929
ആകെ		3,99,806/-

വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ (ആകെ 3,99,806/-) രൂപ തടസ്സപ്പെടുത്തുന്നു.

1-37 പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് പേര്	മണക്കാല ഇടത്തറവിളാകം തമ്പുരാൻ ക്ഷേത്രം റോഡ് പുനരുദ്ധാരണം
പ്രോജക്ട് നമ്പർ	24/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
എസ്റ്റിമേറ്റ് തുക	2,00,000/- രൂപ
ആകെ ചെലവ്	1,97,839/- രൂപ
ബിൽ നം.	225/05.12.2024 – 1,97,839/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് – റോഡ്

മേൽ പ്രവൃത്തിയ്ക്കായി ഇ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക കാട്ടി ചെയ്ത പ്രദീപ് കുമാറിന്റെ റേറ്റ് അംഗീകരിച്ച് 01.11.2024 ൽ കരാറിലേർപ്പെട്ടിരുന്നു. 07.11.2024 ൽ ആരംഭിച്ച പ്രവൃത്തി കരാർ പ്രകാരം 4 മാസം കൊണ്ട് തീർക്കേണ്ടതാണെങ്കിലും ഒരു വർഷത്തിന് ശേഷം 19.11.2024 ലാണ് പൂർത്തിയാക്കിയത്. ഫൈനൽ ബിൽ പരിശോധിച്ചതിൽ ലേറ്റ് ഫീ ഈടാക്കാതെയാണ് തുക മാറി നൽകിയതെന്ന് കാണുന്നു. കരാർ പ്രകാരം ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ 6 മാസം ഇവയിൽ ഏതാണോ കുറവ്, ആ കാലാവധി 1 ശതമാനം തുക പിഴയായി ഈടാക്കിക്കൊണ്ട് അനുവദിച്ച് നൽകാവുന്നതാണ്. തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% തുക പിഴയായി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള ലേറ്റ് ഫീ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 പൂഴനാട് മാർക്കറ്റ് മെയിന്റനൻസ് - പ്രവൃത്തി പൂർത്തിയാക്കാനായില്ല - മാർക്കറ്റ് ഉപയോഗ ശൂന്യം - 4,44,083/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	211/24
എസ്റ്റിമേറ്റ് തുക	6,00,000/- രൂപ (സി.എഫ്.സി ഗ്രാന്റ്)
ചെലവഴിച്ചത്	4,44,083/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചീനിയർ
ബിൽ നമ്പർ	612/21.03.25

പൂഴനാട് മാർക്കറ്റിൽ ഷെഡ്ഡ് നിർമ്മിക്കുക, മലിനജലം ഒഴുകിപ്പോകാനുള്ള സൗകര്യം, മലിനജലം സംഭരിക്കാനുള്ള ഒരു കുഴി, ആവശ്യത്തിന് ജലം ലഭിക്കാനായി ഒരു കിണറും പൈപ്പ് സൗകര്യങ്ങളും ഒരുക്കുക, മാർക്കറ്റിൽ ഇന്റർലോക്ക് പാകുക എന്നിവയാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്. പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതനുസരിച്ച് ഏറ്റവും കുറവ് തുക കാട്ടി ചെയ്ത ശ്രീ. സെൽവരാജുമായി 11.03.2024 ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ എസ്റ്റിമേറ്റ് / കരാർ പ്രകാരമുള്ള എല്ലാ ഇനങ്ങളും പൂർത്തിയാക്കാതെ 4,44,083/- രൂപ ചെലവഴിച്ച് ഒരു ഷെഡ് മാത്രം നിർമ്മിച്ച് പ്രവൃത്തി ഉപേക്ഷിച്ചതായി കാണുന്നു. 24.01.26ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ മാർക്കറ്റ് നിലവിൽ ഉപയോഗിക്കുന്നതായും കാണുന്നില്ല. ഷെഡ്ഡ് മാത്രം പൂർത്തിയാക്കി, മറ്റ് പ്രവൃത്തികൾ നിർവഹിക്കാത്തതിനാൽ മാർക്കറ്റ് ഇപ്പോഴും പ്രവർത്തന യോഗ്യമല്ല. കച്ചവടക്കാർ മാർക്കറ്റിന് പുറത്താണ് കച്ചവടം ചെയ്യുന്നത്. ഇത് മൂലം ഗേറ്റ് ഫീ ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടവും ഉണ്ടാകുന്നുണ്ട്. പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ ആകെ ചെലവഴിച്ച 4,44,083/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-39 ടേക്ക് എ ബ്രേക്ക് - പദ്ധതി ഉപയോഗശൂന്യമായി തുടരുന്നു - ചെലവ് തുക 13,511/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്	ടേക്ക് എ ബ്രേക്കുകളിൽ വൈദ്യുതീകരണവും കുടിവെള്ള കണക്ഷനും
പ്രോജക്ട് നമ്പർ	270/24
പ്രോജക്ട് തുക	1,00,000/- രൂപ
ചെലവഴിച്ച തുക	13,511/- രൂപ
ബിൽ നം.	464/20.03.2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ടിനം	ധനകാര്യ കമ്മീഷൻ അവാർഡ്

ചേനാട്, ഒറ്റശേഖരമംഗലം എന്നീ സ്ഥലങ്ങളിലാണ് പഞ്ചായത്ത് ടേക്ക് എ ബ്രേക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. 2024-25 വർഷം മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം ഇവിടങ്ങളിൽ വൈദ്യുതി അറ്റകുറ്റപണികൾക്കും, കുടിവെള്ള കണക്ഷനുമായി 1,00,000/- രൂപ അടങ്കൽ വച്ചിരുന്നുവെങ്കിലും, കേവലം 13,511/- രൂപ മാത്രമാണ് ചെലവിട്ടിട്ടുള്ളത്.

23.01.2026 ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ രണ്ട് ടേക്ക് എ ബ്രേക്കുകളും ഉപയോഗ ശൂന്യമായി നശിച്ച അവസ്ഥയിലാണ് കാണപ്പെട്ടത്. ചുറ്റുപാടും കാടും പടർപ്പും നിറഞ്ഞ് വാതിലുകളും ജനലുകളും ഇളകി തികച്ചും വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് ഈ ടേക്ക് എ ബ്രേക്കുകൾ എന്ന് കാണാൻ കഴിഞ്ഞു. ആയതിനാൽ പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതിയുടെ പരാജയം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ചർച്ച ചെയ്ത് ഉചിതമായ നടപടികളിലൂടെ പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ടേക്ക് എ ബ്രേക്കുകൾ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടേക്ക് എ ബ്രേക്കുകൾ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കാൻ ആവിഷ്കരിച്ച ടി പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈ പദ്ധതിക്കായി തൻവർഷം ചെലവിട്ട 13,511/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി ഇനത്തിൽ നൽകിയ 37,116/- രൂപ നിരാകരിക്കുന്നു

പദ്ധതിയുടെ നമ്പർ, പേര്	99/24- 25, ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ
അടങ്കൽതുക	₹2,43,360/- (ധനകാര്യകമ്മീഷൻ അവാർഡ് തുക)
ചെലവ് തുക	₹2,43,360/-
ബിൽനമ്പർ, തീയതി	86/27-6-2024 – 40,560 137/ 8-8-2024 – 40,560 150/ 2-9-2024 – 20,280 178/ 4-10-2024 – 20,280 204/ 8-11-2024 – 20,280 221/4-12-2024 – 20,280 281/ 6-1-2025 – 20,280 310/ 3-2-2025 – 20,280 450/ 17-3-2025 – 20,280 459/ 19-3-2025 – 20,280
നിർവഹണ ഉദ്യോഗസ്ഥ	വി.ഇ.ഒ (B-സർക്കിൾ)

പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഹരിതസഹായ സ്ഥാപനമായ Academy For Mountaineering And Adventure Sports എന്ന സ്ഥാപനത്തിനുമായി 7/06/2024 ൽ വി.ഇ.ഒ. കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം സ്ഥാപനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തന വിപുലീകരണകരവുമായി ബന്ധപ്പെട്ട് സമർപ്പിക്കന്ന പ്രതിമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 20,280/- രൂപ നൽകേണ്ടതാണ്. 12 മാസത്തെ തുകയായി 2,43,360/- (20,280x12) രൂപ സ്ഥാപനം ലഭ്യമാക്കിയ വിവിധ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. അപ്രകാരം അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മാസം	Consultant Fee Without GST	GST (9%+9%)	Travelling Amount Without GST	GST (9%+9%)	Office Expenditure	SGST CGST (9%+9%)	Total (₹)
മാർച്ച് 2024	12712	2288	3416	614	1059	191	20280
ഏപ്രിൽ 2023	12712	2288	3416	614	1059	191	20280
മെയ് 2023	12712	2288	3416	614	1059	191	20280
ജൂൺ 2023	12712	2288	3416	614	1059	191	20280
ജൂലൈ 2023	12712	2288	3416	614	1059	191	20280

ഓഗസ്റ്റ് 2023	12712	2288	3416	614	1059	191	20280
സെപ്റ്റംബർ 2023	12712	2288	3416	614	1059	191	20280
ഒക്ടോബർ 2023	12712	2288	3416	614	1059	191	20280
നവംബർ 2023	12712	2288	3416	614	1059	191	20280
ഡിസംബർ 2023	12712	2288	3416	614	1059	191	20280
ജനുവരി 2024	12712	2288	3416	614	1059	191	20280
ഫെബ്രുവരി 2024	12712	2288	3416	614	1059	191	20280
Total	1,52,544	27,456	40,992	7,368	12,708	2,292	2,43,360

സ്ഥാപനത്തിന് കൈമാറിയ 2,43,360/- രൂപയിൽ 37,116/- രൂപ (27,456 + 7,368 + 2,292) GST തുകയായി നൽകിയിട്ടുള്ളതാണ്. എന്നാൽ സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ നമ്പർ 32AABAA0767A2Z1 GST പോർട്ടലിൽ പരിശോധിച്ചതിൽ അത്തരമൊരു രജിസ്ട്രേഷൻ നമ്പർ നിലവിലില്ല എന്നു കാണുന്നു. 32AABAA0767A2Z1 ആണ് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന GST നമ്പർ. പോർട്ടലിലെ വിവരങ്ങൾ പ്രകാരം ടി സ്ഥാപനത്തിന്റെ GST സ്റ്റാറ്റസ് 10.09.2021 ൽ Suomoto റദ്ദാക്കിയതായും, Cannot Collect G.S.T. എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ 11/09/21 മുതൽ ടി സ്ഥാപനത്തിന് GST ഈടാക്കാനുള്ള അവകാശം നഷ്ടപ്പെട്ട സാഹചര്യത്തിൽ GST ഉൾപ്പെടെയുള്ള തുക അനുവദിച്ചത് ക്രമവിരുദ്ധമാണ്. GST രജിസ്ട്രേഷൻ നിലവിൽ ഇല്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക അനുവദിച്ചു നൽകിയതിന് മറുപടി ലഭ്യമാക്കാൻ 22/1/2026 -ൽ നൽകിയ അന്വേഷണകുറിപ്പ് 23/26 – ന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ഇനത്തിൽ കൈപ്പറ്റിയ തുക സ്ഥാപനം തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചു. കൂടാതെ 31/2026-നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിന് 2022-23 വർഷത്തിൽ 46/22-23, 2023-24 വർഷത്തിൽ 82/23-24 നമ്പർ പദ്ധതികൾ പ്രകാരം 2,43,360/- രൂപ വീതം നൽകിയതായും ടി തുകകളിൽ ജി.എസ്.ടി. ഇനത്തിൽ 37,116/- രൂപ വീതം നൽകിയതായും അറിയിച്ചു. 11/09/21 മുതൽ ടി സ്ഥാപനത്തിന് GST ഈടാക്കാനുള്ള അവകാശം നഷ്ടപ്പെട്ട സാഹചര്യത്തിൽ GST ഇനത്തിൽ തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ക്രമവിരുദ്ധമായി ജി.എസ്.ടി. അനുവദിച്ചത് പരിശോധിച്ച് ജി.എസ്.ടി. ഇനത്തിൽ മുൻകാലങ്ങളിൽ നൽകിയ തുക ഉൾപ്പടെ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇനത്തിൽ ക്രമവിരുദ്ധമായി നൽകിയ 37,116/- രൂപ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം നിരാകരിച്ച തുക നിർവഹണോദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
24	രൂ. 91,500/-	രൂ. 91,500/-	0	

01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ	മെഡിസെപ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി	റിമാർക്സ്

		ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	ഒടുക്കിയ തുക	നിൽക്കുന്ന തുക	
-	-	-	-	-	-

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-	-

4-2 സംയുക്ത പദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	തൻവർഷം ലഭിച്ച തുക (രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക (രൂ.)	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	0	2,00,000	161/25 ലൈഫ് ഭവനപദ്ധതി 2020 ഭവനനിർമ്മാണം ഇ.പി.ഐ.പി	2,00,000	0
		1,60,000	245/25 ലൈഫ് ഭവനപദ്ധതി 2020 എസ്.സി	1,60,000	
		2,11,125	49/25 സ്നേഹ സ്പർശം മാനസിക ഭിന്നശേഷി സ്കോളർഷിപ്പ്	2,11,125	
		1,62,500	48/25 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം എസ്.സി.പി	1,62,500	

		8,39,383	1/25 ഒലട്ടിമൂട്-മുള്ളലവിൻമൂട് റോഡ് പുനരുദ്ധാരണം	8,39,383	
		5,57,503	271/25 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	5,57,503	
ആകെ		21,30,511		21,30,511	
ജില്ലാ പഞ്ചായത്ത്	0	35,000	71/25 ഹരിതഭവനം പദ്ധതി	35,000	0
		2,11,125	49/25 സ്നേഹ സ്പർശം മാനസിക ഭിന്നശേഷി സ്കോളർഷിപ്പ്	2,11,125	
		5,93,453	271/25 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	5,93,453	
ആകെ		8,39,578		8,39,578	

വാർഷിക ധനകാര്യ പത്രിക പ്രകാരം

സ്ഥാപനം	2023-24 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം) (രൂ.)	ആകെ (രൂ.)	സുലേഖ പത്രിക പ്രകാരം ചെലവ് (രൂ.)	2024-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	0	21,30,511	21,30,511	21,30,511	0
ജില്ലാ പഞ്ചായത്ത് വിഹിതം	0	8,39,578	8,39,578	8,39,578	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഫണ്ടിനം	മുൻകൂർ നൽകിയ തുക (രൂ.)	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.)
കെ.എസ്.ഇ.ബി.	93/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും	സി.എഫ്.സി	5,08,639	0	5,08,639

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2023-24 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	2024-25 വർഷത്തെ നിക്ഷേപം (രൂ.)	ആകെ (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം (രൂ.)	2024-25 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
കെ.എസ്.ഇ.ബി	37,15,707	0	37,15,707	0	37,15,707
വാട്ടർ അതോറിറ്റി	62,46,053	0	62,46,053	0	62,46,053
പി.ഡബ്ല്യൂ.ഡി	3,32,450	0	3,32,450	0	3,32,450

തൻവർഷം കെ.എസ്.ഇ.ബി യ്ക്ക് പദ്ധതി നം. 93/25 വഴി കൈമാറിയ തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പരാമർശം ഖണ്ഡിക നം. 1-1-10 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ വിവരം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.)	തൻവർഷം ലഭിച്ച തുക (RP-31 പ്രകാരം) (രൂ.)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) (രൂ.)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) (രൂ.)
KURDFC	ജി.ഒ(എം.എസ്) 68/18 തീ. 15.05.2018	5,67,41,495	63,31,156	63,66,260*	5,67,21,058

വാർഷിക ധനകാര്യ പത്രികയിൽ തൻവർഷം തിരിച്ചടച്ച തുക 63,51,593/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. പ്രസ്തുത പരാമർശം ഖണ്ഡിക നം. 1-1-8 ൽ ചേർത്തിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-1	2016-17	അദ്ധ്യായം-2	1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡ്സ് സൂക്ഷിപ്പും പകർപ്പ് നല്കലും ചട്ടം-3) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.	തൊഴിൽ നികുതി രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും എഴുതി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ അധികാര പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കി വരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹2,22,97,944/-
ഓഡിറ്റ് വർഷത്തെ വരവ്	₹4,12,37,521/-
ഓഡിറ്റ് വർഷത്തെ ചെലവ്	₹3,90,91,203/-
നീക്കിയിരിപ്പ്	₹2,44,44,262/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹37,116/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹1,06,51,097/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	37,116/-	ശ്രീമതി ലക്ഷ്മി എ.എസ്., വി.ഇ.ഒ. (ബി സർക്കിൾ)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	3,300/-	ശ്രീ. പ്രമോദ് കെ.ജെ., അസി. സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത്
1-25	17,397/-	ഡോ. ബെൻസിലാൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പൂഴനാട്
1-30	97,73,000/-	ശ്രീ. ശ്രീകുമാർ ബി.എസ്., വി.ഇ.ഒ. എ സർക്കിൾ
1-36	3,99,806/-	ശ്രീമതി അമിത സി.ഒ., സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്
1-38	4,44,083/-	ശ്രീമതി രമ്യ എം. കൃഷ്ണൻ, അസി. എഞ്ചിനീയർ
1-39	13,511/-	ശ്രീമതി രമ്യ എം. കൃഷ്ണൻ, അസി. എഞ്ചിനീയർ
ആകെ	**1,06,51,097/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– – ഇല്ല – –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– – ഇല്ല – –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ബെൻസിലാൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പൂഴനാട്	ഡോ. ബെൻസിലാൽ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പൂഴനാട്	വിൽസ് ബഥേൽ, ലൂയിസ് കോംപൗണ്ട്, തിരുമല
ശ്രീ. പ്രമോദ് കെ.ജെ., അസി. സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്	ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം	T.C.42/08 (9), MRA 5 H, മണക്കാട് പി.ഒ., തിരുവനന്തപുരം-695009
ശ്രീ. ശ്രീകുമാർ ബി.എസ്., വി.ഇ.ഒ. എ സർക്കിൾ	വി.ഇ.ഒ. എ സർക്കിൾ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്	സരസമന്ദിരം, കുരുതംകോട്, കുരുതംകോട് പി.ഒ.

ശ്രീമതി അമിത സി.ഒ., സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്	സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്	അനിതാ സദനം, പാപ്പനംകോട്, എസ്റ്റേറ്റ് പി.ഒ.
ശ്രീമതി രമ്യ എം. കൃഷ്ണൻ, അസി. എഞ്ചിനീയർ	ശ്രീമതി രമ്യ എം. കൃഷ്ണൻ, അസി. എഞ്ചിനീയർ LID & EW Section	അർച്ചന, പെരുകാവ് പി.ഒ.
ശ്രീമതി ലക്ഷ്മി എ.എസ്. വി.ഇ.ഒ. (ബി സർക്കിൾ)	വി.ഇ.ഒ. ഒറ്റശേഖരമംഗലം	നികുഞ്ജം, മാങ്കോട്ടുകോണം, ഇടയ്ക്കാട്, നേമം പി.ഒ.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-11(ബി)
2007-08	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2008-09	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (2-5 (സി)
2009-10	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2010-11	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-6)
2012-13	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	2 (3-10, 3-11)
2013-14	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-2)
2014-15	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	5 (2-4, 2-5, 2-9, 3-8, 3-9)
2015-16	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	4 (2-2, 2-3, 3-1, 3-4)
2016-17	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	9 (2-2, 2-3, 2-4, 2-5, 3-4, 3-7, 3-8, 3-9, 3-11)
2017-18	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/193/2018 തീയതി : 08.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/47/2019 തീയതി : 17.03.2020	17
2019-20	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1653/2021 തീയതി : 30.10.2021	38
2020-21	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/445/2022 തീയതി : 03.06.2022	46
2021-22	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/2221/2022 തീയതി : 03.03.2023	27
2022-23	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/1689/2023 തീയതി : 12.03.2024	28
2023-24	കെ.എസ്.എ.റ്റി.വി.എം/ജിപി.5/1568/2024 തീയതി : 26.10.2024	30

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 28-05-2025 and submitted on 14-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ottasekharamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ottasekharamangalam Grama Panchayat as on 31-03-2025

Date: 20/02/2026 **Deputy Director(H.G)**

Kerala State Audit Department

Audit Report appended to the Audit Certificate of Ottasekharamangalam Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. As per Rule 62F of the Kerala Panchayat Raj Accounts Rules, 2011, basic financial ratios are required to be calculated and included along with the Annual Financial Statements. However, the same were not submitted. Further, notes on accounts required under Rule 62E were also not submitted.

2. In the Cash Flow Statement, the figure shown as Net Cash Generated Grand Total Rs.46,53,995/- does not tally with Net Increase Decrease in Cash and Cash Equivalents Rs.21,46,318/-.

3. Demand entries are not being recorded in a timely manner. For example, the demand entry for property tax was recorded only on 31.03.2025.

4. An amount of Rs.-28,58,969/- has been included as Prior Period Income and Rs.-18,819/- as Prior Period Expense in the Income and Expenditure Statement. However, no documents in support of these prior period income and prior period

expense, such as cumulative DCB, relevant committee resolutions, or related records were produced for audit.

5. Monthly reconciliation is not carried out between ledger balances of revenue items and the corresponding registers such as profession tax, auction, etc.

6. A negative balance of Rs.1,981/- exists in 431910201 Outdoor Collection Control Account, which has not been included in the Balance Sheet.

7. The expenditure figure of various funds as shown in the AFS differs with ACR and Sulekha Expenditure Statement. Details given below.

Fund	AFS	ACR	Sulekha
Development Fund tsp	1,40,472 + loan 14,667	1,40,472	1,55,139
CFC	54,12,397	55,15,572	52,70,947

8. An amount of Rs.85,40,000/- has been shown under Prepaid Programme Expense as expenditure from KURDFC Life loan in the AFS, whereas in the Sulekha Expenditure Statement it was shown as Rs.86,40,000/-, resulting in a difference of Rs.1,00,000/-

9. Total expenditure of Centrally Sponsored Fund is Rs.15,86,163/-. Details of grant heads under which this expenditures were booked were not furnished for audit.

10.The repayment of loan under the Life Housing scheme is shown as RS.63,66,260/- in the Sulekha Expenditure Statement whereas as per AFS, the amount is RS.63,51,593/-.

11. Several asset and liability head journal adjustments were made without adequate supporting details or documents. No documents or governing committee approval was produced for audit.

12. The amount paid to beneficiaries under MGNREGS programme was not included in the I-14C schedule of AFS.

13. Year end stock valuation was not conducted or included in Schedule B14 of Balance sheet.

14. Advance of Rs.5,08,639/- paid to KSEB under Project No. 93/25 was not shown in Schedule B18 of AFS.

15. Bank statements for several accounts were not produced for audit.

16. An amount of Rs.8,250/- shown as Cheque deposited but not cleared in IOB Own Fund account as per reconciliation statement has not yet been credited.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്